# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

ഏപ്രിൽ 2023 | വാല്യം 50 ലക്കം 1 | പേജ് 8 | വില 10.00 രൂപ

UNITY Monthly | April 2023 | Volume 50 Issue 1 | Chief Editor: V.VENUGOPAL | Page 8 | Price Rs. 10.00


### പൊരുതുന്ന കർഷക – കർഷകത്തൊഴിലാളി പ്രസ്ഥാനം

# എഐകെകെഎംഎസ് മൂന്നാം അഖിലേന്ത്യാ സമ്മേളനം




എഐകെകെഎംഎസ് മൂന്നാം അഖിലേന്ത്യാ സമ്മേളനത്തിന്റെ സമാപന സെഷനിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യപ്രസംഗം നടത്തുന്നു.

പശ്ചിമബംഗാളിൽ കൽക്കത്തയിലും ജയ്നഗറിലുമായി മാർച്ച് 11 മുതൽ 14 വരെ ആൾ ഇന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടനയുടെ മൂന്നാം അഖിലേന്ത്യാ സമ്മേളനം നടന്നു. മാർച്ച് 11ന് ഹൗറയിലെ ശരത് സദനിൽ നടന്ന അന്തർദ്ദേശീയ സെമിനാറിൽ നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു. സഖാക്കൾ എ.എച്ച്.ദുലാൽ, എ.വിശ്വകർമ്മ എന്നിവരായിരുന്നു യഥാക്രമം ബംഗ്ലാദേശ്, നേപ്പാൾ സംഘങ്ങളെ നയിച്ചത്. അവസാന നിമിഷം വിസ റദ്ദാക്കപ്പെട്ടതിനാൽ അമേരിക്കൻ പ്രതിനിധി ജോ മോർമന് സെമിനാറിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. കേന്ദ്ര ബിജെപി സർക്കാരിന്റെ ഹീനമായ ഈ ജനാധിപത്യ വിരുദ്ധ നടപടിയെ സെമിനാർ അപലപിച്ചു. ജോ മോർമന്റെ എഴുതി തയ്യാറാക്കിയ പ്രസംഗം സെമിനാറിൽ വായിച്ചു. സംയുക്ത കിസാൻമോർച്ച നേതാക്കളായ ആർ.വെങ്കയ്യ(എഐകെഎസ്(എബി)), പ്രേംസിംഗ് ഗെലോട്ട്(എഐകെഎംഎസ്), എഐകെകെഎംഎസ് ജനറൽ സെക്രട്ടറി സഖാവ് ശങ്കർഘോഷ് എന്നിവർ തങ്ങളുടെ വീക്ഷണങ്ങൾ സെമിനാറിൽ അവതരിപ്പിച്ചു. കർഷകർക്കും കർഷകത്തൊഴിലാളികൾക്കുമെതിരെ ബഹുരാഷ്ട്ര കുത്തകകൾ നടത്തുന്ന ആക്രമണങ്ങളുടെ വിവിധ വശങ്ങൾ വിശദമായിത്തന്നെ പ്രാസംഗികർ ചർച്ച ചെയ്തു. ലോകമൊട്ടാകെ കാർഷികമേഖലയിൽ ബഹുരാഷ്ട്ര കുത്തകകൾ നടത്തുന്ന ആക്രമണങ്ങൾക്കെതിരെ യോജിച്ച പ്രക്ഷോഭണം വളർത്തിയെടുക്കണമെന്ന് എല്ലാ പ്രാസംഗികരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു.

അടുത്തദിവസം പ്രതിനിധി സമ്മേളനം ജയ്നഗറിൽ നടന്നു. 22 സംസ്ഥാനങ്ങളിൽനിന്ന് പ്രതിനിധികളും നിരീക്ഷകരുമായി 752പേർ പങ്കെടുത്തു. പരിപാടിക്ക് തുടക്കംകുറിച്ചുകൊണ്ട് എഐകെകെഎംഎസ് അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് സത്യവാൻ ചെങ്കൊടി ഉയർത്തുകയും രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു.

തുടർന്ന് സഖാവ് സത്യവാന്റെ നേതൃത്വത്തിലുള്ള ആറംഗ പ്രസീഡിയമാണ് സമ്മേളന നടപടികൾ നിയന്ത്രിച്ചത്. രാഷ്ട്രീയ-സംഘടനാ റിപ്പോർട്ട്, ഭരണഘടന, അവകാശ പത്രിക എന്നിവയുടെ വിവിധ വശങ്ങളെക്കുറിച്ച് നടന്ന ചർച്ചകളിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. രേഖകളെ സമ്പുഷ്ടമാക്കുന്ന നിരവധി ഭേദഗതികൾ പ്രതിനിധികൾ മുന്നോട്ടുവെച്ചു. കർഷകപ്രക്ഷോഭണത്തെ ശരിയായ പാതയിൽ നയിക്കുന്നതിലുള്ള തങ്ങളുടെ ആവേശവും പ്രതിബദ്ധതയും വെളിവാക്കുന്നതായിരുന്നു പ്രതിനിധികളുടെ ചർച്ചകളെല്ലാംതന്നെ.

2023 മാർച്ച് 14ന്, സമ്മേളനത്തിന്റെ അഞ്ചാം സെഷനിൽ ഭാവി പ്രവർത്തന പദ്ധതി അവതരിപ്പിക്കപ്പെട്ടു. എഐകെകെഎംഎസിന്റെ സ്ഥാപകനും മാർഗ്ഗദർശിയുമായ സഖാവ് ശിബ്ദാസ് ഘോഷ് മുന്നോട്ടുവെച്ച ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാനായി, വരുംകാലങ്ങളിൽ സംഘടനയെ ഏതുരീതിയിൽ വളർത്തിയെടുക്കാമെന്ന് പ്രവർത്തന പദ്ധതിയിൽ വിശദീകരിച്ചിരുന്നു. 149 പേരടങ്ങിയ ശക്തമായ പുതിയ അഖിലേന്ത്യ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു സഖാവ് സത്യവാൻ പ്രസിഡന്റും സഖാവ് ശങ്കർഘോഷ് ജനറൽ സെക്രട്ടറിയുമായി വീണ്ടും തെരഞ്ഞെടു

(ശേഷം 7–ാം പേജിൽ)

# KSRTC പിണറായി സർക്കാർ ഹൈക്കോടതിയിൽ നൽകിയത് തൊഴിലാളിവർഗ്ഗത്തിനെതിരെയുള്ള സത്യവാങ്മൂലം

**കെ**എസ്ആർടിസിയിലെ ശമ്പള ബാദ്ധ്യത സർക്കാരിനില്ലെന്ന നിലപാട് പ്രഖ്യാപിക്കുക മാത്രമല്ല, വസ്തുതാ വിരുദ്ധമായ കാരണങ്ങൾ നിരത്തി സ്ഥാപനത്തിലെ തൊഴിലാളികളെ ആകമാനം അധിക്ഷേപിക്കുകയും ചെയ്തുകൊണ്ട് പിണറായി സർക്കാർ കോടതിയിൽ സമർപ്പിച്ചത് തൊഴിലാളിവർഗ്ഗത്തിനാകെ എതിരായ സത്യവാങ്മൂലമാണെന്ന് എഐയുറ്റിയുസി സംസ്ഥാന പ്രസിഡണ്ട് ആർ. കുമാർ, സെക്രട്ടറി വി.കെ.സദാനന്ദൻ എന്നിവർ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

ആർടിസി ആക്ട് 1950 അനുസരിച്ച് പ്രവർത്തിക്കുന്ന കെഎസ്ആർടിസിയുടെ എല്ലാ നിയന്ത്രണവും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഡയറക്ടർ ബോർഡിനെയും സിഎംഡിയെയും നിയമിക്കുന്നതും ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതും സർക്കാരാണ്. ട്രാൻസ്പോർട്ട് വകുപ്പും അതിന്റെ മന്ത്രിയും സ്ഥാപനത്തിന്റെ ദൈനംദിന കാര്യങ്ങളിൽവരെ ഇടപെടുന്നുമുണ്ട്. തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാനുള്ള ബാദ്ധ്യതയിൽ നിന്നുമാത്രം എങ്ങിനെ സർക്കാരിന് ഒഴിഞ്ഞുനില്ക്കാനാകും?

ജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുകയെന്ന സേവനമാണ് കെഎസ്ആർടിസിയിലൂടെ സർക്കാർ ചെയ്യേണ്ടത്. സാമൂഹ്യ ജീവിതത്തെ ചലിപ്പിക്കുകവഴി കൈവരുന്ന പരോക്ഷ ലാഭമാണ് അവിടെ കണക്കാക്കേണ്ടത്; അല്ലാതെ കെഎസ്ആർടിസിയുടെ ലാഭ-നഷ്ടക്കണക്ക് നോക്കുകയല്ല വേണ്ടത്. മറ്റു സംസ്ഥാനങ്ങൾ വലിയ സബ്സിഡി നൽകിയാണ് പൊതുഗതാഗതം പ്രവർത്തിപ്പിക്കുന്നത്.

കെഎസ്ആർടിസിയുടെ നയപരമായ കാര്യങ്ങളിൽ തൊഴിലാളികൾക്ക് യാതൊരു പങ്കുമില്ല. ദീർഘകാലം കൊണ്ടുണ്ടായ ഇപ്പോഴത്തെ അവസ്ഥയ്ക്ക് തൊഴിലാളികൾ ഉത്തരവാദികളുമല്ല. അധികാരത്തിൽ വരുന്നവരുടെ സങ്കുചിത താല്പര്യങ്ങളും അഴിമതിയുമാണ് കെഎസ്ആർടിസിയുടെ അടിസ്ഥാന പ്രശ്നം; കഠിനാദ്ധ്വാനത്തിലൂടെ ഇപ്പോഴും 250 കോടിയോളം രൂപ പ്രതിമാസം വരുമാനമുണ്ടാക്കുന്ന തൊഴിലാളികളല്ല.

പൊതുഗതാഗതത്തിൽ നിന്നും കെഎസ്ആർടിസിയെ ഒഴിവാക്കി ഈ രംഗം സ്വകാര്യ മൂലധന ശക്തികൾക്ക് തീറെഴുതാനാണ് സർക്കാർ ശ്രമിക്കുന്നത്. സുശീൽ ഖന്ന റിപ്പോർട്ട്, കെ-സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി കെഎസ്ആർടിസിയിൽ സ്ഥാപിച്ചത്, സ്ഥിര നിയമനം പാടെ ഒഴിവാക്കി ഫിക്സഡ് ടേം എംപ്ലോയ്മെന്റ് നടപ്പാക്കിയത്, 12 മണിക്കൂർ സിംഗിൾ ഡ്യൂട്ടി അടിച്ചേല്പിച്ചത്, ശമ്പളത്തിന് ടാർഗറ്റ് നിശ്ചയിച്ചത്, ശമ്പളം ഗഡുക്കളാക്കിയത് എല്ലാം സർക്കാരിന്റെ ലക്ഷ്യവും പക്ഷവും വ്യക്തമാക്കുന്നതാണ്; മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾക്ക് അനുരോധവുമാണ്. ഇതെല്ലാം നടപ്പാക്കിയത് തൊഴിലാളികളുടെ എതിർപ്പ് കണക്കിലെടുക്കാതെയും, സങ്കുചിത കക്ഷി-രാഷ്ട്രീയ പക്ഷപാതിത്വമുള്ള യൂണിയനുകളുടെ പങ്കാളിത്തത്തോടെയുമാണ്. ഈ "പരിഷ്ക്കാരങ്ങ"ൾക്ക് പിന്തുണ നൽകാൻ വർഗ്ഗ ബോധമുള്ള ഒരു തൊഴിലാളിക്കും ട്രേഡ് യൂണിയനും കഴിയില്ല. ആധുനിക കേരളം കണ്ട ഏറ്റവും കടുത്ത തൊഴിലാളിവിരുദ്ധ നയങ്ങൾ നടപ്പാക്കിയ സർക്കാരെന്ന് പിണറായി സർക്കാർ സ്വയം വിളംബരം ചെയ്യുകയാണ്!




കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷനും എഐയുറ്റിയുസിയും സംയുക്തമായി സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു.

"ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" എന്ന കോർപ്പറേറ്റ് ഡിമാന്റ് പ്രഖ്യാപിത നയമാക്കി, ലേബർ എൻഫോഴ്സ്മെന്റ് നിർവീര്യമാക്കിയ ശേഷം, ചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ലെന്ന് സർക്കാർ പറയുന്നത് ധിക്കാരമാണ്. 41 ദിവസം കഴിഞ്ഞിട്ടും ശമ്പളം കിട്ടാത്തതിലുള്ള പ്രതിഷേധം ഒരു ബാഡ്ജ് ധരിച്ചുകൊണ്ട് പ്രകടിപ്പിച്ച വനിതാ കണ്ടക്ടറെ സ്ഥലം മാറ്റി സർക്കാർ പക വീട്ടി.

ഇപ്രകാരം, അടിമുടി വലതുപക്ഷ നിലപാടിൽ നിന്നുകൊണ്ട് തൊഴിലാളി വർഗ്ഗത്തെ വെല്ലുവിളിക്കുന്ന എൽഡിഎഫ് സർക്കാർ, ഈ നയം കെഎസ്ആർടിസിയിൽ മാത്രമായി ഒതുക്കി നിർത്തുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല. മറ്റ് സംഘടിത തൊഴിൽ മേഖലകളെക്കൂടി ഈ നയം വിഴുങ്ങും മുമ്പേ മുഴുവൻ തൊഴിലാളികളും ഒറ്റക്കെട്ടായി പൊരുതാൻ തയ്യാറാകണമെന്ന് എഐയുറ്റിയുസി അഭ്യർത്ഥിച്ചു. ■

# ദേശീയ വിദ്യാഭ്യാസ നയം 2020ന് എതിരായ പ്രക്ഷോഭത്തിലെ നാഴികക്കല്ലായി വിദ്യാഭ്യാസരക്ഷാ ജനകീയ പാർലമെന്റ്

2023 മാർച്ച് 11ന് തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ ചേർന്ന വിദ്യാഭ്യാസ രക്ഷാ ജനകീയ പാർലമെന്റ്, പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായ പ്രക്ഷോഭ ചരിത്രത്തിലെ നാഴികക്കല്ലായി മാറി. വിദ്യാർത്ഥികളുടേയും വിദ്യാഭ്യാസ സ്നേഹികളുടേയും, വിദ്യാഭ്യാസ വിചക്ഷണരുടേയും പ്രതിഷേധ സംഗമ വേദി കൂടിയായി ജനകീയ പ്രതിരോധ സമിതിയും അഖിലേന്ത്യാ സേവ് എഡ്യൂക്കേഷൻകമ്മറ്റിയും സംയുക്തമായി സംഘടിപ്പിച്ച ജനകീയ പാർലമെന്റ്.

## സംഘാടനം

രാഷ്ട്രീയ പരിഗണനകൾ ഏതുമില്ലാതെ, വിദ്യാഭ്യാസ രംഗത്ത് എൻഇപിയെ എതിർക്കുന്ന മുഴുവൻ സംഘടനകളെയും ഒരു വേദിയിൽ ഒരുമിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് ജനകീയ പാർലമെന്റിന്റെ സവിശേഷത. വിദ്യാഭ്യാസ -സാമൂഹിക രംഗത്തെ ഉന്നത വ്യക്തിത്വങ്ങളോടൊപ്പം അധ്യാപക, വിദ്യാർത്ഥി സംഘടനാ നേതാക്കളും പാർലമെന്റ് അംഗങ്ങളായി പങ്ക് ചേർന്നു. കെഎസ്‌യു, എഐഎസ്എഫ്, എഐഡിഎസ്ഒ ഉടങ്ങിയ വിദ്യാർത്ഥി സംഘടനകളും കെപിഎസ്ടിഎ, എകെഎസ്ടിയു ഉടങ്ങിയ അധ്യാപക സംഘടനകളും അവയിൽ ഉൾപ്പെടുന്നു.

ഒരേ സമയം, രണ്ട് സഭകളിൽ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെ വിമർശനാത്മകമായി വിശകലനം ചെയ്ത അവതരണങ്ങൾ സമയ ബന്ധിതമായി നടക്കുകയുണ്ടായി. ഒന്ന്, പൊതു വിദ്യാഭ്യാസ സഭയും മറ്റൊന്ന് ഉന്നത വിദ്യാഭ്യാസ സഭയും.

## സ്വാഗത സംഘം

ജനകീയ പാർലമെന്റിന്റെ വിജയത്തിനായി തൃശ്ശൂർ കേന്ദ്രമാക്കി ഫെബ്രുവരി മാസം തന്നെ വിപുലമായ ഒരു സ്വാഗത സംഘം നിലവിൽ വന്നു. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകൻ ജി.നാരായണൻ ചെയർമാനായും പ്രമുഖ ചിത്രകാരൻ ഗിരീശൻമാഷ് വൈസ് ചെയർമാനായും സാമൂഹിക പ്രവർത്തകൻ സി.ആർ.ഉണ്ണികൃഷ്ണൻ സെക്രട്ടറിയായും തെരെഞ്ഞെടുക്കപ്പെട്ടു. നിരന്തരം, ചടുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കാണ് സ്വാഗത സംഘം നേതൃത്വം നൽകിയത്. മാർച്ച് 10ന്, ജനകീയ പാർലമെന്റിന്റെ തലേ ദിവസം സംഘടിപ്പിച്ച വിളംബര ജാഥയും ശ്രദ്ധേയമായിരുന്നു.



അഖിലേന്ത്യ സേവ് എഡ്യുക്കേഷൻ കമ്മിറ്റി ജനറൽ സെക്രട്ടറി പ്രൊഫ. തരുൺ കാന്തി നാസ്കർ ജനകീയ പാർലമെന്റ് ഉദ്ഘാടനം ചെയ്യുന്നു

## ക്യാമ്പയിൻ

സംസ്ഥാന വ്യാപകമായ പ്രചാരണം നടന്നു. സർവകലാശാല കേന്ദ്രങ്ങൾ, കോളേജുകൾ, ബിഎഡ് ട്രെയിനിങ് സെന്ററുകൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിവിധതരം യോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. എഐഡിഎസ്ഒ വോളന്റിയർമാർ പത്ത് ദിവസം തൃശ്ശൂർ കേന്ദ്രമാക്കി താമസിച്ചാണ് വിദ്യാലയങ്ങളിൽ ക്യാമ്പയിൻ നടത്തിയത്. നിരവധി വിദ്യാർത്ഥികൾ പാർലമെന്റ് അംഗങ്ങളായി എൻറോൾ ചെയ്തു.

## ഉദ്ഘാടനം

തൃശ്ശൂർ സാഹിത്യ അക്കാദമിയുടെ മെയിൻ ഹാളിലാണ് ഉദ്ഘാടന സെഷൻ നടന്നത്. അഖിലേന്ത്യ സേവ് എഡ്യുക്കേഷൻ കമ്മിറ്റിയുടെ ജനറൽ സെക്രട്ടറി പ്രൊഫ. തരുൺ കാന്തി നാസ്കർ ജനകീയ പാർലമെന്റ് ഉദ്ഘാടനം ചെയ്തു. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനും ഗാന്ധിയനുമായ ഡോ.എം.പി. മത്തായി ഉദ്ഘാടന സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. സാഹിത്യ-ലളിതകല അക്കാദമി മുൻ സെക്രട്ടറി പി.വി.കൃഷ്ണൻ നായർ, ജി.നാരായണൻ, എം.ഷാജർഖാൻ എന്നിവർ ഉദ്ഘാടന സെഷനിൽ പ്രസംഗിച്ചു.

അങ്ങേയറ്റം ആഴത്തിൽ ചർച്ചചെയ്ത് നടപ്പാക്കേണ്ട രാജ്യത്തിന്റ് വിദ്യാഭ്യാസ നയം പാർലമെന്റിൽ ചർച്ച ചെയ്യാതെ, ദ്രുതഗതിയിൽ നടപ്പാക്കിയതിന് പിന്നിൽ രാഷ്ട്രീയ അജണ്ടയുണ്ടെന്ന് അദ്ദേഹം വിശദീകരിച്ചു. മതേതര ഇന്ത്യയെ മത വർഗീയ രാജ്യമാക്കാനുള്ള സംഘപരിവാറിന്റെ ലക്ഷ്യമാണ് ഇതിന് പിന്നിലുള്ളതെന്നും ഹിന്ദി അടിച്ചേൽപ്പിക്കുന്നതിലൂടെയും പ്രാചീന ഇന്ത്യൻ സംസ്കാര പഠനത്തിന് മുൻതൂക്കം കൊടുക്കുന്നത് വഴിയും വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണം ലക്ഷ്യമിടുകയാണ് എൻഇപി ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ ശ്യാം ബി. മേനോൻ കമ്മിറ്റി റിപ്പോർട്ടിനനുസരിച്ച്, സർവ്വകലാശാലകളുടെ സാമ്പത്തിക സ്വയംഭരണാവകാശം കവർന്നെടുക്കാൻ സംസ്ഥാന സർക്കാരും ലക്ഷ്യമിടുന്നു. ഓൺലൈൻ വിദ്യാഭ്യാസത്തിലേക്കും, ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലേക്കും വിദ്യാഭ്യാസത്തെ വഴി മാറ്റുന്നതിലൂടെ അദ്ധ്യാപകരും ഉന്നത വിദ്യാഭ്യാസമേഖലയും വഴിയാധാരമാവുകയും ചെയ്യും. അതുകൊണ്ട് പുതിയ വിദ്യാഭ്യാസ നയം പാർലമെന്ററിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കേരളാ ഗവൺമെന്റ് 90കൾ മുതൽ തുടർന്നുവന്ന ഡിപിഇപി വിദ്യാഭ്യാസ രീതിയുടെ തുടർച്ചയാണ് എൻഇപിയെന്നും അതുകൊണ്ടാണ് കേരള സർക്കാരിന് ഇതിനെ എതിർക്കാൻ കഴിയാത്തതെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു.ന

## രണ്ട് സഭകൾ

ഉദ്ഘാടന ശേഷം, രണ്ട് ജനകീയ സഭകൾക്ക് ഒരേ സമയം തിരശീല ഉയർന്നു. ചങ്ങമ്പുഴ ഹാളിൽ ഉന്നത വിദ്യാഭ്യാസ പാർലമെന്റും മെയിൻ ഹാളിൽ പൊതുവിദ്യാഭ്യാസ പാർലമെന്റും. രണ്ടിലും വിശദമായി പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെ ഇഴ കീറി പരിശോധിച്ച് കുറ്റപത്രം സമർപ്പിക്കുകയായിരുന്നു അംഗങ്ങൾ.

കോലഞ്ചേരി സെന്റ്.പീറ്റേഴ്സ് കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ.വിൻസെന്റ് മാളിയേക്കൽ, പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ഡോ.ഡി.സുരേന്ദ്രനാഥ് എന്നിവർ പൊതു വിദ്യാഭ്യാസ സഭയിൽ യഥാക്രമം, സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറുമായി സഭ നിയന്ത്രിച്ചു. അദ്ധ്യാപകനും എസ്‌സിഇആർടിയിൽ ഗവേഷണ ഉദ്യോഗസ്ഥനുമായിരുന്ന ഡോ.കെ.വി.മനോജ് മുഖ്യപ്രമേയം അവതരിപ്പിച്ചു. വിദ്യാഭ്യാസ പ്രവർത്തകൻ അഡ്വ. ബി.കെ.രാജഗോപാൽ, കെപിഎസ്ടിഎ സംസ്ഥാന കൗൺസിൽ അംഗം പ്രവീൺ, കെഎസ്ടിയു സംസ്ഥാന പ്രസിഡന്റ് കെ.എം. അബ്ദുല്ല, എകെഎസ്ടിയു മുൻ സംസ്ഥാന ട്രഷറാർ കെ.എസ്.ഭരത് രാജ്, എച്ച്എസ്എസ്ടിഎ നേതാവ് മഹേഷ് ബാബു, എഎച്ച്എസ്ടിഎ തൃശ്ശൂർ ജില്ലാ കൗൺസിൽ അംഗം ജെയ്സൺ തറയിൽ, കെഎച്ച്എസ്ടിയു അക്കാദമിക് കൗൺസിൽ കൺവീനർ ലബീബ് കമാർ, കെഎഎച്ച്എസ്ടിഎ സംസ്ഥാന പ്രസിഡന്റ് കെ.സിജു, കെഎസ്എസ്ടിഎഫ് സംസ്ഥാന ട്രഷറാർ മജോ മാസ്റ്റർ, കെഎടിഎഫ് സംസ്ഥാന വൈസ്-പ്രസിഡന്റ് എം.എ.സാദിഖ്, കെയുടിഎ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ലാ സെക്രട്ടറി എം.പി. റമീസ് സുബൈർ, കെഎസ്ടിസി സംസ്ഥാന ട്രഷറർ ജീൻ മൂക്കൻ എന്നിവർ ചർച്ചയിൽ ഇടപെട്ട് പ്രസംഗിച്ചു.

ഉന്നത വിദ്യാഭ്യാസ സഭയിൽ ഡോ.ആസാദ് സ്പീക്കറായും പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ ഡെപ്യൂട്ടി സ്പീക്കറുമായി സഭ നിയന്ത്രിച്ചു. അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി, കേരള സംസ്ഥാന കമ്മിറ്റിയുടെ പ്രസിഡന്റും എസ്.എച്ച്.കോളേജ് തേവര ബോട്ടണി വിഭാഗം മുൻതലവനുമായിരുന്ന ഡോ.ജോർജ് ജോസഫ് മുഖ്യപ്രമേയം അവതരിപ്പിച്ചു. ജോർജ് മുല്ലക്കര, കെഎസ്‌യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യർ, എഐഎസ്എഫ് സംസ്ഥാന കമ്മിറ്റിയംഗം കെ.എസ്. അഭിറാം, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്. അലീന, സോഷ്യലിസ്റ്റ് വിദ്യാർത്ഥി ജനത സംസ്ഥാന പ്രസിഡന്റ് ആകാശ് പി.ആന്റോ, പിഎസ്‌യുസംസ്ഥാനപ്രസിഡന്റ് അമൽ മധുസൂദനൻ, ഡിആർഎസ്ഒ സംസ്ഥാന കൺവീനർ അജിത്ത് മാത്യു, കെജിഒസി സംസ്ഥാന ട്രഷറർ ഹാറൂൺ റഷീദ്, ആർഐടി മുൻ വൈസ് പ്രിൻസിപ്പാൾ പ്രൊഫ.പി.എൻ.തങ്കച്ചൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## സമാപനം

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം.ഷാജർഖാൻ അധ്യക്ഷത വഹിച്ച സമാപന സെഷൻ വൈസ് പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്തു. അഡ്വ.ഇ.എൻ. ശാന്തിരാജ്, പ്രൊഫ.കെ.പി.സജി, ഡോ.എം.പ്രദീപൻ എന്നിവർ പ്രസംഗിച്ചു. പ്രമുഖ ചിത്രകാരനും സാമൂഹ്യ പ്രവർത്തകനുമായ പാർത്ഥസാരഥി വർമ്മ വിദ്യാഭ്യാസ രക്ഷാ ജനകീയ പാർലമെന്റിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തപ്പെട്ട തൃശ്ശൂർ പ്രഖ്യാപനം അവതരിപ്പിച്ചു. അതിന് ശേഷം, പുതിയ ദേശീയ വിദ്യാഭ്യാസ നയ രേഖ സഭയിൽ വോട്ടിനിട്ടു. സഭ ഒന്നടങ്കം പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് എതിരെ വോട്ട് രേഖപ്പെടുത്തി. ദേശീയ വിദ്യാഭ്യാസ നയം ജനകീയ പാർലമെന്റ് തള്ളിക്കളഞ്ഞു.

(ശേഷം 7-ാം പേജിൽ)

### അറിവ് ആധിപത്യത്തിനുള്ള ഉപാധിയല്ല, സംസ്ഥാനങ്ങൾ സാമന്ത രാജ്യങ്ങൾ പോലെ

**– ഡോ.എം.പി.മത്തായി**



ദേശീയ വിദ്യാഭ്യാസ നയം ഇൻഡ്യയെ ഒരു വിജ്ഞാനശക്തിയാക്കാൻ (knowledge super power)ലക്ഷ്യമിടുന്നു എന്ന് പറയുന്നുണ്ട്. എന്നാൽ, ഇത് വിദ്യാഭ്യാസത്തിന്റെ മാനവികതയെ നിരാകരിക്കുന്നതാണ്. അറിവ് ആധിപത്യത്തിനു വേണ്ടിയല്ലെന്നും സമാധാനത്തിനും സേവനത്തിനും സാഹോദര്യത്തിനും മാനവികതയ്ക്കും വേണ്ടിയാകണമെന്നും അറിവ് ഉപയോഗിച്ച് രാജ്യത്തെ സൈനികവൽക്കരിക്കുന്നതും, അറിവിനെ ചരക്കാക്കുന്നതും എൻഇപിയുടെ ലക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു.'90 കൾ മുതൽ വിദ്യാഭ്യാസ നയത്തിൽ വന്ന മാറ്റങ്ങൾ വിദ്യാഭ്യാസത്തെ ഒരു ബിസിനസ് മോഡലായി അവതരിപ്പിക്കുന്നു. കമ്പോളത്തിനനുസരിച്ച്, വിദ്യാർത്ഥികളെ പാകപ്പെടുത്തുകയും നാക് (NAAC) അക്രഡിറ്റേഷന് വേണ്ടിയുള്ള പരക്കംപാച്ചിലുകൾ അറിവിനെ മത്സരാധിഷ്ഠിതമാക്കുകയും ചെയ്യുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയം ചുരുക്കത്തിൽ കമ്പോള സങ്കല്പത്തെ വിദ്യാഭ്യാസ രംഗത്ത് സ്ഥാപനവൽക്കരിക്കുകയാണ് ചെയ്യുന്നത്. കൺകറന്റ് ലിസ്റ്റിലുള്ള വിദ്യാഭ്യാസ നയത്തെപ്പറ്റി അഭിപ്രായം രൂപീകരിക്കാതെ കേരളാ ഗവൺമെന്റുൾപ്പെടെയുള്ളസംസ്ഥാന സർക്കാരുകൾ സാമന്തൻമാരേപ്പോലെ പെരുമാറുകയാണ് ചെയ്യുവരുന്നതെന്നും അദ്ദേഹം ആരോപിച്ചു.

### ദുരമൂത്ത മുതലാളിത്തത്തിന്റെ ചീർത്ത ചേഷ്ടകളാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം

**– പ്രൊഫ.പി.വി.കൃഷ്ണൻ നായർ**



സ്വാതന്ത്ര്യത്തിന്റെയും നവോത്ഥാനത്തിന്റെയും മൂല്യങ്ങൾ ഉൾച്ചേർത്തുകൊണ്ട് രൂപീകരിച്ചിട്ടുള്ള ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിനെ പാടെ നിരാകരിക്കുകയാണ് എൻഇപി. കേന്ദ്ര സർക്കാർ വിദ്യാഭ്യാസത്തിനുമേൽ സർവ്വാധികാരവും സ്ഥാപിച്ച്, ഭാഷയേയും നാഗരികതയേയും സംസ്കാരത്തെയും തകർത്ത് മുന്നേറാം എന്ന് വിചാരിക്കുന്നു. ദുരമൂത്ത മുതലാളിത്തത്തിന്റെ ചീർത്ത ചേഷ്ടകളെ പ്രതിഫലിപ്പിക്കുകയാണ് എൻഇപിയുടെ ആശയങ്ങൾ. കലർപ്പില്ലാത്ത, മനുഷ്യത്വത്തെ മാനിക്കുന്ന, ആധുനിക മനുഷ്യനെ സൃഷ്ടിക്കുന്ന ശാസ്ത്രീയ വിദ്യാഭ്യാസമാണ് നമുക്ക് വേണ്ടത്.

# ഇസ്രായേലിലെ ജുഡീഷ്യൽ പരിഷ്കാരങ്ങളും ജുഡീഷ്യൽ സ്വയംഭരണം അട്ടിമറിക്കാനുള്ള ബിജെപി ഗവൺമെന്റിന്റെ നീക്കവും




**ജു**ഡീഷ്യറിയുടെ സാപേക്ഷിക സ്വയംഭരണത്തെ തുരങ്കം വയ്ക്കാനും, നിയമങ്ങളേയും സർക്കാർ തീരുമാനങ്ങളേയും യുക്തിസഹമായി പരിശോധിച്ചുകൊണ്ട്, നിയമങ്ങളുടെ ഭരണഘടനാ സാധുത തീരുമാനിക്കാനുള്ള സുപ്രീംകോടതിയുടെ അവകാശത്തെ മറികടക്കാൻ ഇസ്രായേൽ സർക്കാരിനെ ഫലത്തിൽ അധികാരപ്പെടുത്താനും, ജഡ്ജിമാരുടെ നിയമനത്തിന്റെ പൂർണ്ണ നിയന്ത്രണം എക്സിക്യൂട്ടീവിന് നൽകുവാനും ലക്ഷ്യംവെയ്ക്കുന്ന ജുഡീഷ്യൽ 'പരിഷ്കാരങ്ങളുമായി', നെതന്യാഹു സർക്കാർ മുന്നോട്ട് പോകുമ്പോൾ, വൻ പ്രതിഷേധം ഇസ്രായേലിനെ ഇളക്കിമറിക്കുകയാണ്. 2023 ഫെബ്രുവരി 20ന്, അർദ്ധരാത്രിക്ക് ശേഷം, ഇസ്രായേൽ പാർലമെന്റ്(നെസെറ്റ്), 120 അംഗ പാർലമെന്റിൽ 47 നെതിരെ 63 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ 'ഇസ്രായേലിന്റെ ജുഡീഷ്യറിയെ മാറ്റിമറിക്കാൻ' ശ്രമിക്കുന്ന രണ്ട് ബില്ലുകൾ പാസാക്കി.

നിരവധി അഴിമതിക്കേസുകളിലും മറ്റ് ആരോപണങ്ങളിലും അന്വേഷണം നേരിടുന്ന ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു, ഇസ്രായേൽഗവണ്മെന്റിന്റെവിവിധ ശാഖകളുടെ സംതുലനാവസ്ഥ പുനഃസ്ഥാപിക്കുന്നതിന് പരിഷ്കാരങ്ങൾ ആവശ്യമാണെന്ന് അവകാശപ്പെടുന്നത് ശ്രദ്ധേയമാണ്. വ്യക്തമായും, ബില്ലുകൾ നിയമമായി നടപ്പിലാക്കുകയാണെങ്കിൽ, അദ്ദേഹം തന്നെ അതിന്റെ വലിയ ഗുണഭോക്താവാകും. പ്രമുഖ ബ്രിട്ടീഷ് ദിനപത്രമായ *ദി ഗാർഡിയൻ* പറയുന്നതനുസരിച്ച്, 2022 ഡിസംബറിൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും അദ്ദേഹത്തിന്റെ തീവ്ര വലതുപക്ഷ സഖ്യകക്ഷികളും അധികാരത്തിൽ വന്നതിനുശേഷം ശനിയാഴ്ചകളിൽ ഇസ്രായേലിൽ പ്രതിഷേധങ്ങൾ പ്രതിവാര കാഴ്ചയാണ്. എന്നാൽ, നെതന്യാഹുവിന്റെ വിശ്വസ്തനായ നീതിന്യായമന്ത്രിയാരിവ്‌ലെവിൻ, ജനുവരി ആദ്യവാരം രാജ്യത്തെ നിയമസംവിധാനം പരിഷ്കരിക്കാനുള്ള ഭരണസഖ്യത്തിന്റെ നിർദ്ദേശം പുറത്തിറക്കിയതോടെ പ്രതിഷേധം ശക്തമായി.

## ബില്ലുകളുടെ വിശദാംശങ്ങൾ

'രാജ്യത്തിന്റെ ഭരണഘടനയായി പ്രവർത്തിക്കുന്ന' ഇസ്രായേലിന്റെ അടിസ്ഥാന നിയമങ്ങൾ റദ്ദാക്കാനുള്ള സുപ്രീം കോടതിയുടെ അധികാരം എടുത്തുകളയാൻ ആദ്യ ബിൽ നിർദ്ദേശിക്കുന്നു. കൊളീജിയം പോലെയുള്ള "ജഡ്ജിമാരെ തിരഞ്ഞെടുക്കുന്ന ഒമ്പതംഗ സമിതി"യുടെ ഘടനയിൽ മാറ്റം വരുത്തി ജഡ്ജിമാരെ തിരഞ്ഞെടുക്കാൻ സർക്കാരിനെ അനുവദിക്കുന്നതാണ് മറ്റൊരു ബിൽ. രണ്ട് ബില്ലുകളും ജുഡീഷ്യൽ നിയമനങ്ങളിൽ സർക്കാർ നിയന്ത്രണം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന നിയമങ്ങൾ പുനരവലോകനം ചെയ്യുന്നതിൽനിന്ന് കോടതികളെ തടയുന്നതിനുമുള്ളതാണ്, രണ്ടും, ആദ്യ വായനയിൽ അംഗീകരിച്ചതായി ടൈംസ് ഓഫ് ഇസ്രായേൽ റിപ്പോർട്ട് ചെയ്തു. നെസെറ്റിൽ ബില്ലുകൾ പാസാക്കുന്നതിനുള്ള നടപടിക്രമം ബില്ലിന്റെ മൂന്ന് വായനകളിലൂടെയാണ്. ആദ്യ വായനയിൽ ഒരു ബില്ലിന് അംഗീകാരം ലഭിച്ചതിനു ശേഷം, ഇസ്രായേൽ പാർലമെന്റിന്റെ വെബ്സൈറ്റിൽ പരാമർശിച്ചിരിക്കുന്ന നിയമനിർമ്മാണ പ്രക്രിയയിൽ പറഞ്ഞിരിക്കുന്നതുപോലെ, ഒരു നെസെറ്റ് കമ്മിറ്റി അത് രണ്ടാമത്തെയും മൂന്നാമത്തെയും വായനയ്ക്കായി തയ്യാറാക്കുന്നു. അല്ലെങ്കിൽ, അജണ്ടയിൽനിന്ന് നീക്കം ചെയ്യാൻ നിർദ്ദേശിക്കുന്നു. രണ്ടും മൂന്നും വായനയ്ക്കായി കമ്മിറ്റി ഒരു ബില്ലിന് അംഗീകാരം നൽകിക്കഴിഞ്ഞാൽ, കമ്മിറ്റി ബില്ലിനെക്കുറിച്ച് മറ്റൊരു ചർച്ച നടത്തുന്നു, തുടർന്ന് രണ്ട് വായനകളിലും വെവ്വേറെ വോട്ടുചെയ്യുന്നു. നെസെറ്റ് 'പ്ലീനം' അല്ലെങ്കിൽ കമ്മിറ്റിയിൽ എല്ലാ വായനകളും പാസാക്കിയതിനുശേഷം മാത്രമേ, ഇസ്രായേൽ ഭരണകൂടത്തിന്റെ നിയമ പുസ്തകത്തിൽ ഒരു ബില്ല് നിയമമാകൂ. അതിനാൽ, രണ്ട് 'ജുഡീഷ്യൽ പരിഷ്കരണ' ബില്ലുകളും ഇപ്പോൾ നെസെറ്റിന്റെ ഭരണഘടന-നിയമ-നീതിന്യായ കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെടുകയും, തുടർന്ന് രണ്ടാമത്തെയും മൂന്നാമത്തെയും വായനയിൽ പ്രതിബന്ധങ്ങളെ അതിജീവിച്ചാൽ, അത് ആത്യന്തികമായി നിയമമായിത്തീരും.

അസോസിയേറ്റഡ് പ്രസ് പറയുന്നതനുസരിച്ച്, "സ്വകാര്യ പാലസ്തീൻ ഭൂമിയിലെ ഇസ്രായേൽ ഔട്ട്പോസ്റ്റുകൾ നിയമവിരുദ്ധമാക്കുകയും", "സാമൂഹിക പരിഷ്കാരങ്ങൾ വെട്ടിച്ചുരുക്കുകയും" ചെയ്യുന്ന വിധികളിൽനിന്ന് രക്ഷപ്പെടാൻ, സുപ്രീം കോടതിയെ മറികടക്കാനുള്ള അധികാരം ഉപയോഗിക്കാൻ ഇസ്രായേൽ സർക്കാർ ശ്രമിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ഈ "ജുഡീഷ്യൽ പരിഷ്കാരങ്ങൾ" നിയമനിർമ്മാണ സഭക്ക് അനിയന്ത്രിതമായ അധികാരം നൽകുകയും, എല്ലാവിധ നിയന്ത്രണങ്ങളിൽ നിന്നും അതിനെ മുക്തമാക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, തിരഞ്ഞെടുക്കപ്പെടാത്ത ഒരു ജുഡീഷ്യറിയിൽ നിന്ന് അധികാരം എടുത്തുമാറ്റി, പകരം അത് ജനഹിതത്തെ പ്രതിനിധീകരിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട നിയമസഭക്ക് കൈമാറേണ്ടതിന്റെ ആവശ്യകതയെ, പിന്തുണയ്ക്കുന്നവർ ഊന്നിപ്പറയുന്നു. ഇതാണ് പ്രശ്നത്തിന്റെ കാതൽ. മുതലാളിത്ത-സാമ്രാജ്യത്വ ഗവണ്മെന്റുകൾ ജുഡീഷ്യറിയുടെ അധികാരം വെട്ടിക്കുറയ്ക്കാനും, തിരഞ്ഞെടുക്കപ്പെട്ട ഒരു ബോഡി എന്ന നിലയിൽ പാർലമെന്റിന്റെ മേൽക്കോയ്മയെ ബഹുമാനിക്കുന്ന എന്ന രീതിയിൽ, എക്സിക്യൂട്ടീവിന്റെ കീഴിൽ കൊണ്ടുവരാനും ശ്രമിക്കുന്നത് എന്തുകൊണ്ടാണ് മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## ബൂർഷ്വാ ജനാധിപത്യം വിഭാവനം ചെയ്യുന്ന അധികാര വിഭജനം

'പ്രോലിറ്ററിയൻ ഇറാ'യിൽ നാം പലതവണ വിശദീകരിച്ചതുപോലെ, ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിലൂടെ സ്വന്തം ഭരണം സ്ഥാപിക്കാൻ ഫ്യൂഡലിസത്തെയും രാജവാഴ്ചയെയും അട്ടിമറിച്ച് മുതലാളിത്തത്തിന്റെ ഒരു രാഷ്ട്രീയ ഉപരിഘടനയായി ആധുനിക പാർലമെന്റും ബൂർഷ്വാ പാർലമെന്ററി സംവിധാനവും ബൂർഷ്വാ ജനാധിപത്യത്തിന്റെ ആവിർഭാവകാലത്ത് അവതരിപ്പിക്കപ്പെട്ടു. ബൂർഷ്വാസി അന്ന് സമൂഹത്തിലെ പുരോഗമന ശക്തിയായിരുന്നു; ബൂർഷ്വാ അർത്ഥത്തിലെങ്കിലും സമത്വത്തിനും സ്വാതന്ത്ര്യത്തിനും സാഹോദര്യത്തിനുംവേണ്ടി അവർ വാദിച്ചു. അവർ, വ്യക്തി സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, ജനങ്ങൾക്ക് സ്വന്തം ഗവണ്മെന്റ് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എന്നിവയ്ക്കായി നിലകൊണ്ടു; വ്യക്തിഗത മുതലാളിമാർക്കിടയിൽ സ്വതന്ത്രമായ മത്സരത്തോടെ അവർ ഒരു സ്വതന്ത്ര വ്യാപാര സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിച്ചു. അതിനാൽ, ഉയർന്നുവരുന്ന ബൂർഷ്വാ ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വം ഇതായിരുന്നു: കുറച്ച് ഭൂപ്രഭുക്കന്മാരോ രാജാക്കന്മാരോ അല്ല രാജ്യം ഭരിക്കേണ്ടത്. മറിച്ച് തങ്ങളുടെ രാജ്യം ഭരിക്കാനുള്ള പരമാധികാരം ജനങ്ങൾക്കാണ്. ജനങ്ങളുടെ നേരിട്ടുള്ള ഭരണം സാധ്യമല്ലാത്തതിനാൽ, നിയമനിർമ്മാണത്തിന്റെയും ഭരണത്തിന്റെയും ചുമതലകൾ ഏറ്റെടുക്കുന്നതിന് ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കണം എന്ന ആശയവും രീതിയും ഉയർന്നുവന്നു. പാർലമെന്റ് ആ ജനപ്രതിനിധികളുടെ ഭവനമായി മാറുകയും പാർലമെന്ററി ഭരണ സംവിധാനം, ബൂർഷ്വാ അർത്ഥത്തിൽ, ജനങ്ങളുടെ ഭരണം എന്ന തത്വം പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. ഈ പാർലമെന്ററി ജനാധിപത്യത്തിൽ, വിരലിലെണ്ണാവുന്ന ആളുകൾ യഥാർത്ഥത്തിൽ സർക്കാർ രൂപീകരിച്ചെങ്കിലും, അവർ ജനങ്ങളുടെ സമ്മതത്തോടെ ഭരിച്ചു, അവർ ഉത്തരവാദിത്തത്തോടെ ജനങ്ങളോടുള്ള പ്രതിബന്ധത കൈവിടാതെ പ്രവർത്തിച്ചു.


ഇസ്രായേലിലെ ജനകീയ പ്രക്ഷോഭത്തിൽ അണിനിരന്ന ആയിരങ്ങൾ

അതിനാൽ, അതൊരു 'ഉഭയസമ്മതപ്രകാരമുള്ള' ഭരണമായിരുന്നു. അതേ സമയം, അത് 'വിയോജിപ്പിനുള്ള അവകാശം' നൽകുകയും പാർലമെന്റിലെ ന്യൂനപക്ഷങ്ങളുടെ വിയോജിപ്പിനുള്ള നിയമസാധുത അംഗീകരിക്കുകയും ചെയ്തു. അത് പിന്നീട് 'ആവിഷ്കാര സ്വാതന്ത്ര്യം' പ്രധാനം ചെയ്യുകയും സ്വതന്ത്ര ചിന്തയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതുകൊണ്ടാണ് ബൂർഷ്വാ പാർലമെന്ററി ഗവണ്മെന്റിനെ എബ്രഹാം ലിങ്കൺ 'ജനങ്ങളാൽ, ജനങ്ങൾക്ക് വേണ്ടിയുള്ള, ജനങ്ങളുടെ സർക്കാർ' എന്ന് വിളിച്ചത്. ജനങ്ങളുടെ ആവശ്യങ്ങളും, ആഗ്രഹങ്ങളും, അഭിലാഷങ്ങളും സമ്പൂർണമായി നടപ്പിലാക്കാൻ ഗവണ്മെന്റ് ബാദ്ധ്യസ്ഥരാണെന്ന് ഉറപ്പാക്കാൻ, അത് പാർലമെന്റിനോട് പൂർണമായി ഉത്തരവാദപ്പെട്ടിരുന്നു. പകരം, പാർലമെന്റ് ജനങ്ങളോട് ഉത്തരവാദപ്പെട്ടിരിക്കാൻ ബാദ്ധ്യസ്ഥരുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പാർലമെന്റിന്റെ പരമാധികാരം ജനങ്ങളുടെ പരമാധികാരത്തെ ആശ്രയിച്ചിരിക്കുന്നു.

അതേസമയം, ജനാധിപത്യം 'മൊബോക്രസി'യിലേക്ക് വഴുതിവീഴുന്നത് തടയാൻ, ബൂർഷ്വാ ജനാധിപത്യത്തിന്റെ സ്ഥാപക പിതാക്കന്മാർ, ജനങ്ങളുടെ രാഷ്ട്രീയ അവബോധം വികസിപ്പിച്ചുകൊണ്ട്, അവരുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് ബോധവാന്മാരായി, പാർലമെന്റിന്റെയും ഗവണ്മെന്റിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്താൻ കഴിവുള്ളവരായിത്തീരാൻ ആഹ്വാനം ചെയ്തു. ജനങ്ങളുടെ ജീവിതത്തിന്റെ നിരവധിയായ പ്രശ്നങ്ങളെക്കുറിച്ചുള്ള നിരന്തരമായ സംവാദങ്ങളിലൂടെയും ചർച്ചകളിലൂടെയും, പാർലമെന്റിന്റെയും സർക്കാരിന്റെയുംപ്രവർത്തനങ്ങളെ ജനങ്ങൾക്കിടയിലെത്തിച്ച്, സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട് ഇത് നേടിയെടുക്കാനാണ് വിഭാവന ചെയ്തത്. ബൂർഷ്വാ ജനാധിപത്യത്തിന്റെ മൂന്ന് തൂണുകളായിരുന്ന ജുഡീഷ്യറി, ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് (പോലീസ്, ബ്യൂറോക്രസി). തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റ് ജനവിധി അനുസരിച്ച് മാറ്റത്തിന് വിധേയമായിരുന്നു, അതേസമയം ഈ മൂന്ന് തൂണുകൾ ഭരണകൂടത്തിന്റെ താരതമ്യേന സ്ഥിരമായ ഭാഗങ്ങളായിരുന്നു. ജനങ്ങളുടെ അഭിപ്രായങ്ങളെ നിരന്തരം അളക്കാനും, ജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി അവയെ രൂപപ്പെടുത്താൻ പാർലമെന്റിനെ സഹായിക്കുകയും ചെയ്യുതിനുള്ള ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ട ഫ്രീ പ്രസ് അഥവാ 'ഫോർത്ത് എസ്റ്റേറ്റ്' എന്ന ആശയവും അവിടെ ഉയർന്നുവന്നു. പിന്നീട്, ഈ സങ്കൽപ്പങ്ങളെ കൂടുതൽ വിപുലീകരിച്ചുകൊണ്ട്, അറിയപ്പെടുന്ന ലിബറൽ ഡെമോക്രാറ്റായ ഹരോൾഡ് ലാസ്കിയെപ്പോലുള്ള ആളുകൾ, ജനാധിപത്യത്തിന്റെ കാവൽക്കാരായി പ്രവർത്തിക്കാൻ പാർലമെന്റിന് അപ്പുറം ആളുകളുടെ എണ്ണമറ്റ സന്നദ്ധ സംഘടനകൾ ഉണ്ടാകണമെന്ന് വാദിച്ചു. ആ സംഘടനകൾ, പാർലമെന്റിനെ നിരന്തരമായ ജാഗ്രതയിലും നിരീക്ഷണത്തിലും നിലനിർത്താൻ ജനങ്ങളെ സഹായിക്കാനുള്ളവയായാണ് ലക്ഷ്യം വെച്ചത്. അതിനാൽ ആ സംഘടനകൾ രൂപീകരിക്കാനും അവരുടെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും അവതരിപ്പിക്കാനും ആളുകളെ സഹായിക്കുന്നതിന് അനിയന്ത്രിതമായ സംഘടനാ സ്വാതന്ത്ര്യവും അഭിപ്രായ സ്വാ

(ശേഷം 4–ാം പേജിൽ)

# ജനാധിപത്യം ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിക്കാതിരിക്കാൻ ഭരണകൂടത്തിന്റെ ഏതെങ്കിലും ഒരു ഘടകത്തിൽ അധികാര കേന്ദ്രീകരണം ഇല്ലെന്ന് ഉറപ്പാക്കണം

(3–ാം പേജിൽ നിന്ന്)

തന്ത്ര്യവും ഉണ്ടായിരിക്കണമെന്ന് വാദിച്ചു. പാർലമെന്റ് അംഗങ്ങൾ ജനങ്ങൾക്കുവേണ്ടി നിയമങ്ങൾ രൂപീകരിക്കുന്നതിനൊപ്പം, ആ നിയമങ്ങൾ സ്വയം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ഈ സംഘടനകളുടെ കർത്തവ്യമായിരുന്നു. മാറിയ സാഹചര്യങ്ങളിൽ, ആളുകളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി പുതിയ നിയമങ്ങൾ രൂപപ്പെടുത്തേണ്ടത് ആവശ്യമാണോ എന്നതിനെക്കുറിച്ചുള്ള അഭിപ്രായരൂപീകരണവും ആ സംഘടനകളുടെ ചുമതലയായിരുന്നു. ഈ സന്നദ്ധ സംഘടനകളിൽ രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ, അസ്സോസിയേഷനുകൾ, ജീവിതത്തിന്റെ വിവിധ തുറകളിലുള്ള ആളുകളുടെയൂണിയനുകൾഎന്നിവ ഉൾപ്പെടുന്നു, ജനങ്ങളെ ഉൾപ്പെടുത്തി പാർലമെന്റേതര പ്രസ്ഥാനങ്ങളിലൂടെ, ജനങ്ങളുടെ നീറുന്ന ജീവിത പ്രശ്നത്തിന്മേൽ, ആവശ്യങ്ങൾ ഉന്നയിക്കാനും സർക്കാരിൽ നിരന്തരമായ സമ്മർദ്ദം ചെലുത്താനും അവരെ ചുമതലപ്പെടുത്തി. അങ്ങനെ, ബൂർഷ്വാ ജനാധിപത്യത്തിന്റെ പ്രതാപകാലത്ത്, ബൂർഷ്വാസി ജനാധിപത്യ പ്രക്ഷോഭത്തിനുള്ള അവകാശത്തിനുവേണ്ടി മാത്രമല്ല, ജനാധിപത്യപരമായ ആവശ്യങ്ങൾക്കായി, പാർലമെന്റേതര ജനകീയ പ്രസ്ഥാനങ്ങളുടെ അവകാശത്തിന് ഉറപ്പുനൽകുകയും ചെയ്തു. വിപ്ലവത്തിന്റെ കാരണവും ആവശ്യവും പ്രചരിപ്പിക്കാനുള്ള അവകാശം ജനങ്ങൾ ഉണ്ടാകണമോ എന്നതിനെക്കുറിച്ചുള്ള ചിന്തകളും ചർച്ചകളും പോലും ഉണ്ടായിരുന്നു. ജനങ്ങളുടെ അഭിപ്രായങ്ങളും, ജനങ്ങളുടെ 'തെരുവുകളിലെ' പാർലമെന്റേതര പ്രസ്ഥാനങ്ങളും പാർലമെന്റിലും സർക്കാരിലും തങ്ങളുടെ അവകാശം ഉറപ്പിക്കുന്നതിനുള്ള അധികാരം ജനങ്ങൾക്ക് നൽകുന്നതിൽ നിർണായകമായി കണക്കാക്കപ്പെട്ടു.

ബൂർഷ്വാ ജനാധിപത്യം അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നത് തടയണമെങ്കിലും, ഭരണകൂടത്തിന്റെ ഒരു ഘടകത്തിൽ അനാവശ്യമായ അധികാര കേന്ദ്രീകരണം ഇല്ലെന്ന് ഉറപ്പാക്കേണ്ടത് ആവശ്യമാണ്. ഭരണകൂടത്തിന്റെ താരതമ്യേന സ്ഥിരമായ മൂന്ന് തൂണുകളുടെ നിർദ്ദിഷ്ട കടമകളും കർത്തവ്യങ്ങളും നിർവചിക്കുന്നതിനായി 'അധികാര വിഭജനം' എന്ന സിദ്ധാന്തം രൂപീകരിച്ചു. മൂന്ന് ഘടകങ്ങൾക്കിടയിൽ പ്രവർത്തനങ്ങളുടെ കൃത്യമായ പരിധി നിർവചിക്കുന്നതിനും, അധികാരപരിധി മറികടന്നുകൊണ്ട് മറ്റ് ഘടകങ്ങളുടെ പ്രവർത്തനത്തിൽ ഇടപെടാൻ കഴിയില്ലെന്ന് ഉറപ്പാക്കാൻ 'ചെക്ക് ആൻഡ് ബാലൻസ്' സംവിധാനവും ഏർപ്പെടുത്തി. അങ്ങനെ, വളർന്നുവരുന്ന ബൂർഷ്വാസിയുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ പാർലമെന്ററി ജനാധിപത്യം പരിണമിച്ചെങ്കിലും, അത് പിന്നീട് മൊത്തത്തിലുള്ള സാമൂഹിക പുരോഗതിക്ക് ഉതകുകയും, ജനങ്ങളുടെ അഭിലാഷങ്ങളെ വലിയ അളവിൽ പ്രതിഫലിപ്പിക്കുകയും ചെയ്തു.

## ബൂർഷ്വാ ജനാധിപത്യത്തിന്റെ സത്ത ചോർത്തിക്കളഞ്ഞു

എന്നാൽ മുതലാളിത്തവും മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്നതിൽ അധിഷ്ഠിതമായിരുന്നതിനാൽ, ഈ മാതൃകാപരമായ സാഹചര്യം വളരെക്കുറച്ച സമയം മാത്രമായിരുന്നു. അതിനാൽ, സമത്വത്തിനും നീതിക്കും സമത്വ ബോധത്തിനും അതിൽ ശാശ്വതമായ സ്ഥാനമുണ്ടായില്ല. വളരെ പെട്ടെന്നുതന്നെ മുതലാളിത്തത്തിന്റെ ചൂഷണ സ്വഭാവം പ്രകടമാകുകയും ബൂർഷ്വാ ജനാധിപത്യത്തിന്റെ പ്രഖ്യാപനങ്ങൾ ലംഘിക്കപ്പെടുകയും ചെയ്തു. മുതലാളിത്തം അതിന്റെ അന്തർലീനമായ നിയമങ്ങൾ കാരണം എത്രകൂടുതൽ പ്രതിസന്ധിയിലായോ, ഭരിക്കുന്ന ബൂർഷ്വാസിയുടെ അടിച്ചമർത്തൽ മുഖം അത്രമേൽ കൂടുതലായി ഉയർന്നുവരാൻ തുടങ്ങുകയും ജനങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും ക്രമേണ വെട്ടിക്കുറയ്ക്കപ്പെടുകയും ചെയ്തു. മുതലാളിത്തം കുത്തക കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയും പിന്നീട് സാമ്രാജ്യത്വത്തിന്റെ ഘട്ടം കൈവരിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ, ബൂർഷ്വാ ജനാധിപത്യത്തിന്റെ ഉന്നതമായ ആശയങ്ങളേയും, പ്രവർത്തന തത്വങ്ങളേയും കുഴിമാടത്തിലാക്കി. ഇതിനു പകരം, ഏതാനും കുത്തകകളുടെ കൈകളിൽ സാമ്പത്തിക അധികാരകേന്ദ്രീകരണവും, എക്സിക്യൂട്ടീവിന്റെയും, ഭരണകൂടത്തിന്റെയും കൈകളിൽ രാഷ്ട്രീയ അധികാരകേന്ദ്രീകരണവും ചേർന്നു. ജനങ്ങളുടെ സ്വതന്ത്രവും നീതിയുക്തവുമായ വിധി പ്രതിഫലിപ്പിക്കുതിനുള്ള സുഗമമായ തിരഞ്ഞെടുപ്പ് പ്രക്രിയ ഫലത്തിൽ നിർത്തലാക്കപ്പെട്ടു എന്നതാണ് ഏറ്റവും പ്രധാനം. തങ്ങളോട് അങ്ങേയറ്റം വിധേയപ്പെടുന്ന പാർട്ടിയെയോ പാർട്ടികളെയോ അധികാരത്തിൽ എത്തിക്കാൻ പണത്തിന്റെയും, മാധ്യമങ്ങളുടെയും, ഭരണസംവിധാനങ്ങളുടെയും ബലത്തിൽ, ഭരിക്കുന്ന കുത്തകകൾ തിരഞ്ഞെടുപ്പിൽ കൃത്രിമം കാണിക്കുന്നു. ജനങ്ങളെ ഭീഷണിപ്പെടുത്തുന്നവർ, നോട്ടം, പെരുമാറ്റം, പ്രവർത്തനങ്ങൾ എന്നിവയാൽ ആളുകളെ ഭയപ്പെടുത്താൻ കഴിയുവർ, ജനങ്ങളെ കൊള്ളയടിച്ചു ശീലിച്ചവർ, ക്രിമിനൽ പശ്ചാത്തലമുള്ളവർ, വഞ്ചനാക്കുറ്റത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവർ, കോടികളുടെ അഴിമതിയിൽ മുങ്ങിനിൽക്കുന്നവർ, ബലാത്സംഗ–കൊലപാതക കുറ്റാരോപിതർ തുടങ്ങിയവരിൽ നിന്നെല്ലാം ബൂർഷ്വാ–പെറ്റി ബൂർഷ്വാ പാർട്ടികൾ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നു. ജാതീയമായ, വർഗ്ഗീയ–മതഭ്രാന്തിന്റെ വൃത്തികെട്ട കാരണങ്ങളാൽ, തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾ രക്തച്ചൊരിച്ചിലുണ്ടാക്കുന്ന ഭ്രാതൃഹത്യാപരമായ സംഘട്ടനങ്ങളായി ചുരുങ്ങി; ഇത് കുറഞ്ഞിടത്ത്,മത്സരിക്കുന്നവിവിധ പാർട്ടികൾക്കായി പരസ്യമായും മടികൂടാതെയും പ്രവർത്തിക്കുന്ന ആയുധധാരികളായ ഗുണ്ടകൾ, വേദി കയ്യടക്കി, യഥാർത്ഥ വോട്ടർമാരെ ഈ പ്രക്രിയയിൽ പങ്കെടുക്കുന്നത് തടയാൻ ഭീകരവാഴ്ച അഴിച്ചുവിടുന്നു. തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നുവെന്ന ആരോപണങ്ങളാണ് ഇപ്പോൾ പല രാജ്യങ്ങളിൽ നിന്നും ഉയരുന്നത്. കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിന് ശേഷം വോട്ടെണ്ണൽ പ്രക്രിയയെ അട്ടിമറിക്കുന്നതിനായി പരാജയപ്പെട്ട പ്രസിഡന്റ് ട്രംപിന്റെ അനുയായികൾ ക്യാപിറ്റോൾ കെട്ടിടത്തിൽ റെയ്ഡ് നടത്തിയപ്പോൾ എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കും അറിയാം. അത്തരമൊരു സാഹചര്യത്തിൽ, പാർലമെന്റോ, നിയമസഭയോ ഫലത്തിൽ അധികാരമോഹികളായ, അത്യാഗ്രഹികളായ, അഴിമതിക്കാരായ ബൂർഷ്വാ രാഷ്ട്രീയക്കാരുടെ വാസസ്ഥലമായി മാറിയിരിക്കുന്നു. അവർക്ക് ജനങ്ങളുടെ താൽപ്പര്യമല്ല, മറിച്ച് ആത്മപ്രശംസയാണ് പ്രധാനം. മാത്രമല്ല, നട്ടെല്ലില്ലാത്ത ഉദ്യോഗസ്ഥവൃന്ദവുമായി കൂട്ടുചേർന്ന മന്ത്രിമാരാണ് ഇപ്പോൾ ഭരിക്കുന്നത്.

മറുവശത്ത്, ചരിത്രപരമായി നിശ്ചയിച്ചിട്ടുള്ള മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഭയാശങ്കകളാൽ വേട്ടയാടപ്പെട്ട ഭരണ കുത്തകകൾ, സൈന്യത്തെ ശക്തിപ്പെടുത്തുകയാണ്, അത് ആത്യന്തികമായി വിപ്ലവത്തെ പരാജയപ്പെടുത്താൻ ഉപയോഗിക്കും. വാസ്തവത്തിൽ എല്ലാ സാമ്രാജ്യത്വ–മുതലാളിത്ത രാജ്യങ്ങളിലും ഒരു വ്യാവസായിക -സൈനിക സമുച്ചയം ആണ് ഭരിക്കുന്നത്. അങ്ങനെ, നിയമനിർമ്മാണ സഭയുടെ സ്ഥാനത്ത്, ജീർണിച്ചുകൊണ്ടിരിക്കുന്ന ബൂർഷ്വാ ജനാധിപത്യത്തിന്റെ ഒരു തൂണായി സൈന്യം ഉയർന്നുവന്നു, അത് ഫലത്തിൽ ഒരു പ്രദർശന വസ്തുവായി മാറിയിരിക്കുന്നു. പാർലമെന്റ് പ്രവർത്തന രഹിതമാവുകയും, മുതലാളിത്ത–സാമ്രാജ്യത്വ ഭരണകൂടം, കൂടുതൽ കൂടുതൽ സൈന്യത്തെ ആശ്രയിക്കുകയും ചെയ്യുന്നതോടെ, മന്ത്രിമാരും ഉദ്യോഗസ്ഥവൃന്ദവുംചേർന്ന ഭരണനിർവ്വഹണ സമിതി (എക്സിക്യൂട്ടീവ്), ജുഡീഷ്യറി, മിലിട്ടറി എന്നിവയാണ് ഇപ്പോൾ മൂന്ന് ഘടകങ്ങൾ.

## എക്സിക്യൂട്ടീവിന്റെ മേൽക്കോയ്മ

നാം കണ്ടുകൊണ്ടിരുന്നതുപോലെ, ദിവസങ്ങൾ കടന്നുപോകുമ്പോൾ, എക്സിക്യൂട്ടീവ് കൂടുതൽ ശക്തമായി എല്ലാ അധികാരങ്ങളുംഅതിന്റെ കൈയിൽ കേന്ദ്രീകരിക്കുന്നു. ഇതാകട്ടെ, മുതലാളിത്ത–സാമ്രാജ്യത്വം, അതിന്റെ ദുഷിച്ചതും, പ്രതിസന്ധി മൂർച്ഛിച്ചതുമായ അവസ്ഥയിൽ, അതിന്റെ വർഗ്ഗപരമായ രൂപകൽപ്പനയാണ്. അതിനാൽ, ബൂർഷ്വാ ജനാധിപത്യത്തിനു ബദലായി ഫാസിസ്റ്റ് സ്വേച്ഛാധിപത്യം വരുന്നു. അതോടൊപ്പം ജനങ്ങളുടെ അവകാശങ്ങൾ തടയപ്പെടുന്നു; ബൂർഷ്വാ ജനാധിപത്യത്തിന്റെ കോഡുകളും മാനദണ്ഡങ്ങളും പ്രയോഗങ്ങളും സന്തോഷപൂർവ്വം ചവിട്ടിമെതിക്കപ്പെടുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിൽ സംഘർഷം ഉടലെടുക്കുന്നത്. ജുഡീഷ്യറിയും മുതലാളിത്ത വ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കുന്നതിനാൽആത്യന്തിക വിശകലനത്തിൽ ബൂർഷ്വാ വർഗതാൽപ്പര്യം സംരക്ഷിക്കാൻ അത് ബാധ്യസ്ഥമാണ്. വ്യവസ്ഥിതിയുടെ ഭാഗമായി, അത് മുതലാളിത്ത അധഃപതനത്തിന്റെ രോഗങ്ങളിൽ നിന്നും വ്യതിചലനങ്ങളിൽ നിന്നും വേർപെട്ടുനിൽക്കുന്നില്ല. എങ്കിലും, അതിന്റെ ഉദ്ദേശിച്ച സ്വഭാവം കുറച്ചെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിൽ, ജുഡീഷ്യറിയുടെ വാതിലിൽ മുട്ടിയാൽ തങ്ങൾക്ക് നീതി ലഭിക്കുമെന്ന് ആളുകൾ കരുതുന്നു. നീതിന്യായ നടപടിക്രമങ്ങളെ വിലകുറച്ച് എക്സിക്യൂട്ടീവിന് കീഴിലാക്കാനുള്ള, ആവർത്തിച്ചുള്ള ശ്രമങ്ങൾ എല്ലാ രാജ്യങ്ങളിലെയും സത്യസന്ധരായ നിയമജ്ഞരിൽ ഒരു വിഭാഗത്തെ–ഇസ്രായേലിലായാലും ഇന്ത്യയിലായാലും–രോഷാകുലരാക്കുന്നു. അതിനാൽ, ജുഡീഷ്യൽ പ്രവർത്തനത്തിൽ എക്സിക്യൂട്ടീവ് ഇടപെടുന്നതിനെതിരെ അവർ ശബ്ദമുയർത്തുകയാണ്.

## ഇസ്രായേലിലെയും ഇന്ത്യയിലെയും സാഹചര്യങ്ങൾ ഒന്നുതന്നെ

മുകളിൽ വിവരിച്ച വീക്ഷണത്തിൽ, എക്സിക്യൂട്ടീവും ജുഡീഷ്യറിയും തമ്മിലുള്ള വർദ്ധിച്ചുവരുന്ന എതിർപ്പ് ഇസ്രായേലിലും ഇന്ത്യയിലും അനാവൃതമാവുകയാണ്. ഇസ്രയേലിലെ ജനങ്ങളുടെയും പ്രതിപക്ഷ പാർട്ടികളുടെയും വ്യാപകമായ പ്രതിഷേധങ്ങൾക്ക് പുറമെ, 'ജുഡീഷ്യൽ പരിഷ്കാരങ്ങൾ' നിയമനിർമ്മാണ സഭയ്ക്ക് (യഥാർത്ഥത്തിൽ, എക്സിക്യൂട്ടീവിന്) അനിയന്ത്രിതമായ അധികാരം നൽകുമെന്നും ഒരു കടിഞ്ഞാൺ ഇല്ലാതാകുമെന്നും വിമർശകർ ഭയപ്പെടുന്നു. എന്നിരുന്നാലും, ഫാസിസ്റ്റ് സ്വേച്ഛാധിപത്യ യോഗ്യതകൾ അവകാശപ്പെടുന്ന നെതന്യാഹുവും അദ്ദേഹത്തിന്റെ പാർട്ടിയും 'തിരഞ്ഞെടുക്കപ്പെടാത്ത' ജുഡീഷ്യറിയിൽ നിന്ന് അധികാരം എടുത്തുകളയാനും പകരം അത് ജനഹിതത്തെ പ്രതിനിധീകരിക്കുന്നുവെന്ന് വ്യാജമായി അവകാശപ്പെടുന്ന, തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾക്ക് (സയണിസ്റ്റ് ഭരണകൂടത്തോട് കൂറ് പുലർത്തുന്ന ഒരു കൂട്ടം ഭാഗ്യാന്വേഷികൾ) കൈമാറാനും സമ്മർദ്ദം ചെലുത്തുന്നു.

പക്ഷേ, സയണിസ്റ്റ് ഇസ്രായേൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഫ്രണ്ട് ഓഫീസാണെന്നും, അങ്ങേയറ്റം സ്വേച്ഛാധിപത്യപരമാണെന്നും ആർക്കാണ് അറിയാത്തത്. നെതന്യാഹുവിന്റെ ഭരണകാലത്ത്, പലസ്തീൻ വിമോചനസമരം മാത്രമല്ല മനുഷ്യത്വരഹിതമായ ആക്രമണം നേരിടുന്നത്, ഇസ്രായേൽ ജനതയുടെ ജീവിതംതന്നെ മോശമായി കൊണ്ടിരിക്കുകയാണ്. ഇസ്രായേലിലെ ദാരിദ്ര്യവും, വരുമാനത്തിലെ അസമത്വവും വികസിത രാജ്യങ്ങളിൽ ഏറ്റവും ഉയർന്നതാണ്. ഇസ്രായേലിലെ ജനസംഖ്യയുടെ പകുതിയും ആദായനികുതി സ്കെയിലിന്റെ അടിത്തട്ടിൽ പോലും എത്തുന്നില്ല, അവർ ആദായനികുതിയും നൽകുന്നില്ല. ഇസ്രായേലിന്റെ മൊത്തം ആദായനികുതി വരുമാനത്തിന്റെ 90 ശതമാനവും ശേഖരിക്കുന്നത് ജനസംഖ്യയുടെ 20 ശതമാനത്തിൽ നിന്നാണ്. ജുഡീഷ്യറിയിലെ വ്യാപകമായ മാറ്റങ്ങൾക്ക് സർക്കാർ ശ്രമിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകൾക്കിടയിൽ, ഏത് നിമിഷ

(ശേഷം 5–ാം പേജിൽ)

**ജനാധിപത്യം 'മൊബോക്രസി'യിലേക്ക് വഴുതിവീഴുന്നത് തടയാൻ, ബൂർഷ്വാ ജനാധിപത്യത്തിന്റെ സ്ഥാപക പിതാക്കന്മാർ, ജനങ്ങളുടെ രാഷ്ട്രീയ അവബോധം വികസിപ്പിച്ചുകൊണ്ട്, അവരുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് ബോധവാന്മാരായി, പാർലമെന്റിന്റെയും ഗവണ്മെന്റിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്താൻ കഴിവുള്ളവരായിത്തീരാൻ ആഹ്വാനം ചെയ്തു.**

# ബ്രഹ്മപുരം ദുരന്തത്തിന് ഉത്തരവാദി സംസ്ഥാന സർക്കാർ; തൃപ്പൂണിത്തുറയിൽ ജനജാഗ്രതാ സംഗമം

ബ്രഹ്മപുരം മാലിന്യ സംഭരണ കേന്ദ്രത്തിലെ അഗ്നിബാധയ്ക്കും വിഷപുക വ്യാപന ദുരന്തത്തിനും യഥാർത്ഥ ഉത്തരവാദി സംസ്ഥാന സർക്കാരാണെന്നും കൊച്ചിയെ ദുരന്ത ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്നും തൃപ്പൂണിത്തുറ ലായം കൂത്തമ്പലത്തിൽ ചേർന്ന ജനജാഗ്രതാ സംഗമം ആവശ്യപ്പെട്ടു. സംഗമം പ്രൊഫ. കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു.



തൃപ്പൂണിത്തുറയിൽ ജനജാഗ്രതാ സംഗമം പ്രൊഫ. കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

ബ്രഹ്മപുരത്തെ തീയും പുകയും മലിനമാക്കിയ മണ്ണും വെള്ളവും അടിയന്തരമായ പരിശോധന നടത്തേണ്ടതുണ്ട്. അതിൽ അടങ്ങിയിട്ടുള്ള ഡയോക്സിൻ, ഫ്യൂറാൻ പോലെ ദീർഘകാല ആരോഗ്യ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വാതകങ്ങൾ ഏതളവിൽ, ഏതൊക്കെ ദിശയിൽ പടർന്നു എന്ന് കാലാവസ്ഥാ (കാറ്റിന്റെ ഗതി) പഠനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താനും പ്രദേശത്ത് ആ സമയത്ത് ഉണ്ടായിരുന്ന മനുഷ്യരിൽ ഇതു സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്താനും സർക്കാർ നടപടി സ്വീകരിക്കണം. മാരകമായ രോഗങ്ങളുടെ പിടിയിലേയ്ക്ക് എറിഞ്ഞു കൊടുക്കപ്പെട്ട ജനങ്ങൾക്ക് ആവശ്യമായ ചികിത്സയും ധനസഹായവും നൽകണമെന്നും അതീവ പരിസ്ഥിതി ലോല പ്രദേശമായ കടമ്പ്രയാറിന്റെ കരയിലെ ബ്രഹ്മപുരം മാലിന്യ സംഭരണ കേന്ദ്രം അടച്ചുപൂട്ടണമെന്നും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു. ഭാവിയിൽ അധികൃതരുടെ നീക്കങ്ങൾ നിതാന്ത ജാഗ്രതയോടെ നിരീക്ഷിക്കാനും സർക്കാരിൽ സമർദ്ദം ചെലുത്താനും ഒരു ജന ജാഗ്രതാ സമിതിക്ക് സംഗമം രൂപം നൽകി.

സംഗമത്തിൽ പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. എം.പി.മത്തായി മുഖ്യപ്രഭാഷണം നടത്തി. ദുരന്തം ആരോഗ്യ മേഖലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ഐഎംഎ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. എബ്രഹാം വർഗ്ഗീസ് വിഷയാവതരണം നടത്തി. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ.നീലകണ്ഠൻ, പ്രൊഫ. ജോർജ്ജ് ജോസഫ്, അഡ്വ. ഷെറി ജെ. തോമസ്, വിളപ്പിൽശാല സമരസമിതി നേതാവ് ജി.ആർ.സുഭാഷ്, പ്രൊഫ. സൂസൻ ജോൺ, ട്രൂറാ നേതാവ് വി.സി.ജയേന്ദ്രൻ, കെ റെയിൽ വിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന പ്രസിഡന്റ് എം.പി.ബാബുരാജ്, വിനു കുര്യാക്കോസ്, സിന്ധു ജയിംസ്, മാരിയ അബു, കുത്താട്ടുകുളം നഗരസഭാംഗം പി.ജി.സുനിൽകുമാർ, ബ്രേക് ത്രൂ സയൻസ് സൊസൈറ്റി ജില്ലാ ചാപ്റ്റർ പ്രസിഡന്റ് കെ.എസ്.ഹരികുമാർ, ടി.എം.വേണുഗോപാൽ, സാബു പരിയാരത്ത്, സി.ബി.അശോകൻ, കുരുവിള മാത്യൂസ് തുടങ്ങിയവർ പ്രസംഗിച്ചു. ■

# ഇസ്രായേലിലെ ജനകീയ പ്രക്ഷോഭം മാദ്ധ്യമലോകം മറച്ചുവയ്ക്കുന്നു

(4-ാം പേജിൽ നിന്ന്)

വും സാമ്പത്തിക പ്രതിസന്ധി പൊട്ടിപ്പുറപ്പെടുമെന്ന് ബാങ്ക് ഓഫ് ഇസ്രായേൽ ഗവർണർ അമീർ യാരോ മന്ത്രിമാർക്ക് മുന്നറിയിപ്പ് നൽകിയതായി പറയപ്പെടുന്നു. ഇത് സമീപ ആഴ്ചകളിൽ നിക്ഷേപകരെയും സംരംഭകരെയും പരിഭ്രാന്തരാക്കുകയും, സാമ്പത്തിക മാന്ദ്യത്തെക്കുറിച്ചുള്ള ഭയത്തിന് തിരികൊളുത്തുകയും ചെയ്തു.

വാസ്തവത്തിൽ, ഇസ്രായേലിന്റെ വിവിധ ഭാഗങ്ങളിൽ ഇടയ്ക്കിടെയുള്ള ജനങ്ങളുടെ പ്രതിഷേധം പൊട്ടിപ്പുറപ്പെടുകയാണ്. അന്താരാഷ്ട്ര മാധ്യമങ്ങൾ ഈ വാർത്തകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ ഒരു കാരണം, അത്തരം റിപ്പോർട്ടുകൾ നിലവിൽ ഇസ്രായേലിനെക്കുറിച്ച് മാധ്യമങ്ങൾ വിറ്റഴിക്കുന്ന ആഖ്യാനത്തെ അത് ആഴത്തിൽ വെല്ലുവിളിക്കും എന്നതു കൊണ്ടാണ്. അതായത്, ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ പുതിയ തീവ്ര വലതുപക്ഷ ഗവണ്മെന്റ്, നല്ല രീതിയിൽ പ്രവർത്തിക്കുന്ന, സുശക്തമായ ജനാധിപത്യത്തെ ഭീഷണിപ്പെടുത്തുകയാണ് എന്നതാണ്. നിലവിൽ ഗ്ലോബൽ നോർത്ത്, എന്നറിയപ്പെടുന്ന രാജ്യങ്ങളിൽ, പ്രചരിക്കുന്ന ഇസ്രായേലിനെക്കുറിച്ചുള്ള പ്രബലമായ വിവരണം, 'മിഡിൽ ഈസ്റ്റിലെ ഏക ജനാധിപത്യം' എന്ന ആലങ്കാരിക പ്രയോഗമാണ്. അതിനാൽ, പുതിയ നെതന്യാഹു സർക്കാരിനെ 'ജനാധിപത്യവിരുദ്ധം' എന്ന് വിമർശിക്കുന്ന റിപ്പോർട്ടുകൾ യഥാർത്ഥത്തിൽ ഇസ്രായേലിന്റെയും അതിന്റെ സുപ്രീം കോടതി ഉൾപ്പെടെയുള്ള അതിന്റെ മുൻനിര സ്ഥാപനങ്ങളുടെയും അന്തർലീനമായ ജനാധിപത്യവിരുദ്ധ സ്വഭാവത്തെ വെള്ളപൂശാൻ സഹായിക്കുന്നു.

ഇന്ത്യയിലും ജഡ്ജിമാരെ തിരഞ്ഞെടുക്കുന്നതിനെച്ചൊല്ലി സുപ്രീം കോടതിയും ബിജെപി സർക്കാരും തമ്മിൽ തർക്കം നടക്കുന്നുണ്ട്. നിലവിൽ ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ (സിജെഐ) അധ്യക്ഷനായ സിറ്റിംഗ് ജഡ്ജിമാരുടെ ഒരു കൊളീജിയം സംവിധാനത്തിലൂടെയാണ് ഭരണഘടനാ കോടതികളിലേക്ക് ജഡ്ജിമാരെ തിരഞ്ഞെടുക്കുന്നത്. എന്നാൽ ഇപ്പോൾ ബിജെപി സർക്കാർ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സർക്കാർ കക്ഷിയാകണമെന്നാണ് ആഗ്രഹിക്കുന്നത്. അതനുസരിച്ച്, ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള ദീർഘകാല കൊളീജിയം സംവിധാനത്തിന് പകരമായി ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷൻ(എൻജെഎസി) എന്ന പേരിൽ ഒരു ഭരണഘടനാ സ്ഥാപനം രൂപീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചു. എൻജെഎസി പ്രകാരം, എക്സ് ഒഫീഷ്യോ ചെയർപേഴ്സൺ ആയി സിജെഐ, രണ്ട് മുതിർന്ന സുപ്രീം കോടതി ജഡ്ജിമാർ, കേന്ദ്ര നീതി-ന്യായ മന്ത്രി, പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും നാമനിർദ്ദേശം ചെയ്യുന്ന എക്സ് ഒഫീഷ്യോ അംഗങ്ങളായി സിവിൽ സമൂഹത്തിലെ രണ്ട് പ്രമുഖർ എന്നിവരടങ്ങുന്നതായിരിക്കും ഈ നിയമന കമ്മീഷൻ. എന്തുകൊണ്ടാണ് ഈ നിർദ്ദേശം? കാരണം, സംവിധാനം കൂടുതൽ സുതാര്യമാക്കാനും തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധിയെ ഉൾപ്പെടുത്താനുമുള്ള വ്യാജേന സർക്കാർ, ജുഡീഷ്യറിയുടെ അധികാരപരിധിയിലേക്ക് ചുവടുവെക്കാനും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ തങ്ങൾക്ക സ്വാധീനമുള്ള വ്യക്തികളെ നാമനിർദ്ദേശം ചെയ്തുകൊണ്ട് തങ്ങളുടെ താൽപ്പര്യത്തിന് അനുയോജ്യമായ വിധികൾ തേടാനും ആഗ്രഹിക്കുന്നു. വാസ്തവത്തിൽ, ഒരു 'പ്രതിബദ്ധതയുള്ള ജുഡീഷ്യറി'യെ സൃഷ്ടിക്കാനുള്ള നിരന്തര ശ്രമമാണ് നടക്കുന്നത്. മര്യാദയില്ലാത്ത ജഡ്ജി ഒരു പൊതു ഭീഷണിയാണ്. തനിക്ക് നിയമവും വസ്തുതകളും അറിയാമെന്ന ആത്മവിശ്വാസത്തിൽ, നീതിയോടുള്ള തന്റേതായ സമ്പൂർണ്ണ ഭക്തിയെക്കുറിച്ച് ബോധവാനായി, അദ്ദേഹം ബാറിലെ അഭിഭാഷകന്റെ സഹായത്തെ വെറുക്കുകയും എല്ലാ നിയമവാദങ്ങളും തന്റെ വിലയേറിയ സമയം പാഴാക്കലായി കണക്കാക്കുകയും ചെയ്യുന്നു. നിയമം അദ്ദേഹത്തെ അലോസരപ്പെടുത്തുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്നു, അദ്ദേഹത്തിന്റെ സത്യപ്രതിജ്ഞയെടുത്തു എന്ന കാരണത്താൽ മാത്രമാണ് അദ്ദേഹം ഈ 'സാങ്കേതികത'യെ ശ്രദ്ധിക്കുന്നത്. പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഇന്ദിരാഗാന്ധി ഇതിനുള്ള ശ്രമം നടത്തിയിരുന്നു.

സംസ്ഥാന ഗവർണർ, കമ്മീഷൻ അധ്യക്ഷൻ, വിരമിക്കുമ്പോൾ രാജ്യസഭയിലേക്ക് നാമനിർദ്ദേശം തുടങ്ങിയ പദവികൾ വാഗ്ദാനം ചെയ്ത് ജഡ്ജിമാരെ വശീകരിക്കാനാണ് ബിജെപി ഇപ്പോൾ ശ്രമിക്കുന്നത്. അവരുടെ നയങ്ങൾ ഫലപ്രദമായി സ്വാധീനത്തിലാക്കി ജുഡീഷ്യറിയെ തുരങ്കം വച്ചു. എൻജെഎസി ആ ദിശയിലുള്ള ഒരു തുടർനടപടിയാണ്; ഒരു സ്ഥാപനമെന്ന നിലയിൽ സുപ്രീം കോടതിയും ഈ പ്രക്രിയയിൽ സഹായിച്ചു. അതിലെ നിരവധി ജഡ്ജിമാർ ആവേശത്തോടെ സഹകരിക്കുകയും പ്രതിഫലം നേടുകയും ചെയ്തു.

ബൂർഷ്വാ ജനാധിപത്യത്തിന്റെ വക്താക്കളിലൊരാളായ തോമസ് ജെഫേഴ്സൺ പറഞ്ഞത് ഓർക്കുന്നത് ഉചിതമാണ്: "ജുഡീഷ്യറി ... സ്വതന്ത്രമായി നിൽക്കുകയും സ്വന്തം വകുപ്പിനുള്ളിൽ കർശനമായി നിലകൊള്ളുകയും ചെയ്താൽ, അവരുടെ പാണ്ഡിത്യത്തിനും സമഗ്രതയ്ക്കും വലിയ ആത്മവിശ്വാസം അർഹിക്കുന്ന ഒരു സ്ഥാപനമാണ്. ഗവണ്മെന്റിന്റെ എല്ലാ ശാഖകളിലെയും അന്തസ്സും, സുസ്ഥിരതയും, ജനങ്ങളുടെ ധാർമ്മികതയും, സമൂഹത്തിന്റെ എല്ലാ അനുഗ്രഹങ്ങളും, നീതിയുടെ നേരായതും, നൈപുണ്യമുള്ളതുമായ ഒരു നീതിനിർവഹണത്തെ ആശ്രയിച്ചിരിക്കുന്നു, അതായത്, ജുഡീഷ്യൽ അധികാരം നിയമനിർമ്മാണം, എക്സിക്യൂട്ടീവ് എന്നിവയിൽ നിന്നും സ്വതന്ത്രമായും വേറിട്ടും നിൽക്കണം. അങ്ങനെ, അത് രണ്ടു ഘടകങ്ങളേയും പരിശോധനക്കു വിധേയമാക്കുകയും, ആ രണ്ടു ഘടകങ്ങളും ജുഡീഷ്യറിയെയും പരിശോധനക്കു വിധേയമാക്കുകയും ചെയ്യും." (ജോർജ് വൈത്തിന് ഉള്ള കത്ത്, 1776. പേപ്പറുകൾ 1:410). എന്നാൽ ഈ പ്രതിഷ്ഠാപിതമായ തത്ത്വങ്ങൾ ഇപ്പോൾ കാറ്റിൽപ്പറത്തിയിരിക്കുകയാണ്. നെതന്യാഹുവിന്റെ നിർദിഷ്ട നിയമനിർമ്മാണ മാറ്റങ്ങൾ വഴി അദ്ദേഹം നയിക്കുന്ന ഗവണ്മെന്റിന്, രാഷ്ട്രീയ പ്രത്യയശാസ്ത്രത്തോട് യോജിക്കാത്ത ജൂതന്മാരെപ്പോലും ലക്ഷ്യമിടാനും, അഴിമതിക്കെതിരെ പോരാടാനുള്ള ജുഡീഷ്യൽ ബ്രാഞ്ചിന്റെ കഴിവിനെ തകർക്കാനും അനുവദിക്കും. അതിനാൽ, അനുകൂലമായ ഒരു ജുഡീഷ്യറി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇസ്രായേലി ഭരണാധികാരികളും ഇന്ത്യൻ ഭരണാധികാരികളും ഒരേ ബോട്ടിൽ സഞ്ചരിക്കുകയാണ്.

### സാമ്രാജ്യത്വ-മുതലാളിത്ത രൂപകല്പനയെ പരാജയപ്പെടുത്തുക

അതിനാൽ, നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്തുകയും അധികാരമോഹികളും, അത്യാഗ്രഹികളുമായ ബൂർഷ്വാ മന്ത്രിമാരും നിയമനിർമ്മാതാക്കളും ഉൾപ്പെടുന്ന എക്സിക്യൂട്ടീവിന്റെ കൈകളിൽ എല്ലാ അധികാരവും കേന്ദ്രീകരിക്കുകയും ചെയ്യുന്നത് ജനാധിപത്യത്തിന്റെ അവസാനത്തെ അവശിഷ്ടങ്ങൾ പോലും തുടച്ചുനീക്കി, ഫാസിസ്റ്റ് സ്വേച്ഛാധിപത്യം ഉറപ്പിക്കാനുള്ള സാമ്രാജ്യത്വ-മുതലാളിത്ത ഭരണാധികാരികളുടെ കുത്സിതവർഗരൂപകൽപ്പനയാണ്. അതുകൊണ്ടാണ് ഇസ്രായേൽ ജനത തെരുവിലിറങ്ങിയത്.

ഭരണ കുത്തകകളുടെ ഇംഗിതത്തിന് വഴങ്ങി, ജുഡീഷ്യറിയെ എക്സിക്യൂട്ടീവിന്റെ അനുബന്ധമാക്കി മാറ്റാനുള്ള ബിജെപി സർക്കാരിന്റെ നീക്കത്തെ, നിശിതമായി എതിർക്കേണ്ടത്, ശരിയായ മാർഗ്ഗത്തിൽ ചിന്തിക്കുന്ന, ജനാധിപത്യ ചിന്താഗതിക്കാരായ ഇന്ത്യക്കാരുടെ ബാധ്യതയാണ്.

പൊരുതുന്ന ഇസ്രയേലി ജനതയ്ക്ക് പൂർണ്ണ പിന്തുണ നൽകുന്നതോടൊപ്പം, ഇന്ത്യയിൽ കൊളീജിയം സമ്പ്രദായം തകർക്കുന്നതിൽ അന്തർലീനമായ അപകടം മനസ്സിലാക്കി, അതിനെ പരാജയപ്പെടുത്താൻ മുന്നോട്ട് വരാൻ നമ്മുടെ രാജ്യത്തെ മനസ്സാക്ഷിയുള്ള നാട്ടുകാരോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# ബിജെപി ഗവണ്മെന്റ് മറച്ചുവയ്ക്കുന്ന യാഥാർത്ഥ്യങ്ങൾ

രാജ്യത്തിന്റെ സാമ്പത്തിക-സാമൂഹിക യാഥാർത്ഥ്യങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കാൻ ഉതകുന്ന തരത്തിലുള്ള ആധികാരിക വിവരങ്ങളൊന്നും ഇന്ത്യാ ഗവണ്മെന്റ് പ്രസിദ്ധീകരിക്കാറില്ല. അതിനാൽ ഗവണ്മെന്റേതര ഏജൻസികൾ പുറത്തുവിടുന്ന വിശ്വസനീയമെന്ന് കരുതുന്ന സ്ഥിതിവിവരകണക്കുകളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. ശാസ്ത്രീയമായ രീതിയിൽ പഠനം നടത്തുന്ന അത്തരമൊരു സ്ഥാപനമാണ് ഓക്സ്ഫാം ഇന്ത്യ. 'അതിസമ്പന്നരുടെ അതിജീവനം: ഒരു ഇന്ത്യൻ കഥ 2023' എന്ന പേരിലുള്ള അവരുടെ ഒടുവിലത്തെ റിപ്പോർട്ട് പറയുന്നത് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെയും അദ്ധ്വാനിച്ച് ജീവിക്കുന്നവരുടെയും ചെലവിൽ എങ്ങനെ ഇന്ത്യയിലെ അതിസമ്പന്നർക്ക് ഗുണകരമാംവിധം മോദി ഗവണ്മെന്റിന്റെ സാമ്പത്തിക നയങ്ങൾ തയ്യാറാക്കപ്പെടുന്നു എന്ന കാര്യമാണ്. 'ലോക അസമത്വ റിപ്പോർട്ട് 2022' ഇന്ത്യയിൽ 22 കോടി ദരിദ്രരുണ്ടെന്നും ഇത് ലോകത്തെ ഏറ്റവും കൂടിയ എണ്ണമാണെന്നും പറയുന്നകാര്യം അവർ എടുത്തുകാണിക്കുന്നുണ്ട്. ഇന്ത്യയിൽ അസമത്വം വിപത്കരമാംവിധം വർദ്ധിക്കുകയാണ്. ഭക്ഷ്യ-ഊർജ്ജ രംഗങ്ങളിലെ വിലക്കയറ്റത്തിന് നിരന്തരം ഇരയായി നിരാശാജനകമായ ജീവിതം നയിക്കുന്നവരാണ് ഇന്ത്യയിലെ ദരിദ്രർ. പണപ്പെരുപ്പത്തിന്റെ സാഹചര്യത്തിൽ കൂടുതൽ ഭാരം ഇവരുടെമേൽ പതിക്കുന്നു. സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമായിക്കൊണ്ടിരിക്കുന്ന ഒരു ധ്രുവീകൃത സമൂഹമാണ് ഇന്ത്യയിലേത്. സാമ്പത്തിക ഉപദേശക സമിതിയുടെ ഇന്ത്യയിലെ അസമത്വത്തിന്റെ സ്ഥിതിയെക്കുറിച്ചുള്ള റിപ്പോർട്ട് ഈ അന്തരം വർദ്ധിച്ചുവരുന്നതായും പട്ടികവർഗക്കാരെപ്പോലുള്ള ദുർബല ജനവിഭാഗങ്ങൾ ഇതിന്റെ ആഘാതമേറ്റുവാങ്ങുന്നതായും സമ്മതിക്കുന്നുണ്ട്. ഇതുമൂലം ജനസംഖ്യയുടെ 70 ശതമാനത്തിനും ആരോഗ്യദായകമായ ഭക്ഷണം ലഭിക്കുന്നില്ല. പോഷകാഹാരക്കുറവുമൂലം വർഷംതോറും 17 ലക്ഷംപേരാണ് മരിക്കുന്നത്. രാജ്യത്തെ ശരാശരി വേതനം കഷ്ടിച്ച് കഴിഞ്ഞുകൂടാൻ പര്യാപ്തമായതുമാത്രമാണ്. ഒരാഴ്ച വേതനം ലഭിച്ചില്ലെങ്കിൽ ആളുകൾ പട്ടിണി കിടക്കേണ്ടിവരും.

### ജനവിരുദ്ധവും സമ്പന്നാനുകൂലവുമായ സാമ്പത്തിക നയങ്ങൾ

കോവിഡ് മഹാമാരിയുടെ സമയത്ത് ജനസംഖ്യയുടെ അടിത്തട്ടിലുള്ള 50 ശതമാനത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടായപ്പോൾ മുകളിലുള്ള 10 ശതമാനം സമ്പത്തിന്റെ 72 ശതമാനവും കൈയടക്കിയതായി റിപ്പോർട്ട് എടുത്തുകാണിക്കുന്നു. ശതകോടീശ്വരന്മാരുടെ എണ്ണം 2020ൽ 102 ആയിരുന്നത് 2022ൽ 166 ആയി ഉയർന്നു. ഏറ്റവും സമ്പന്നരായ 100 പേരുടെ ആകെ സമ്പത്ത് 54.12 ലക്ഷംകോടിയായി ഉയർന്നു - 32.8 ശതമാനം വർദ്ധന. ദരിദ്രരാകട്ടെ പോഷകാഹാരക്കുറവും കടബാദ്ധ്യതകളും രോഗങ്ങളുമൊക്കെയായി കഴിയുന്നു.

2019ൽ ഇന്ത്യാ ഗവണ്മെന്റ് കോർപ്പറേറ്റ് നികുതി 1.84 ലക്ഷം കോടി കുറച്ചു. ഇത് നികുതി വരുമാനത്തിൽ 16 ശതമാനത്തിന്റെ കുറവുണ്ടാക്കി. 2020-21ൽ ഇൻസന്റീവുകളും നികുതി ഇളവുകളുമൊക്കെയായി കുറച്ചത് 1.03 ലക്ഷം കോടിയാണ്. ഇവിടെയും സാധാരണക്കാരെ കയ്യൊഴിഞ്ഞ് കോർപ്പറേറ്റ് താല്പര്യം ഉയർത്തിപ്പിടിച്ചു.

### ദരിദ്രരെ പിഴിഞ്ഞ് സമ്പന്നരെ അഭിവൃദ്ധിപ്പെടുത്തുന്ന ജിഎസ്ടി

കോർപ്പറേറ്റ് നികുതി ഇളവുകൾമൂലമുണ്ടായ വരുമാനനഷ്ടം നികത്താൻ ചരക്ക്-സേവന നികുതിയും പെട്രോളിയത്തിന്റെ മേലുള്ള എക്സൈസ് തീരുവയും വർദ്ധിപ്പിക്കുക എന്ന നയമാണ് ബിജെപി ഗവണ്മെന്റ് സ്വീകരിച്ചത്. പെട്രോളിന്റെയും ഡീസലിന്റെയും മേലുള്ള എക്സൈസ് തീരുവ 2014നും 2022നും ഇടയ്ക്ക് 194 ശതമാനവും 512 ശതമാനവും വീതമാണ് വർദ്ധിപ്പിച്ചത്. ഇതിന്റെ പ്രഹരം ഏറ്റവും ഏൽക്കേണ്ടിവരുന്നത് പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കാണ്.

ആദായ നികുതി ആദായത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ പരോക്ഷനികുതിയായ ജിഎസ്ടി ആദായം നോക്കാതെ എല്ലാവരും നൽകണം. ആദായം കുറഞ്ഞവർക്ക് അവരുടെ വരുമാനത്തിന്റെ മുന്തിയപങ്ക് നികുതിയായി നൽകേണ്ടിവരുമെന്നർത്ഥം. താഴെക്കിടയിലുള്ള 50 ശതമാനം പേർ മുകളിലുള്ള 10 ശതമാനംപേരെ അപേക്ഷിച്ച് ആറ് ഇരട്ടി പരോക്ഷനികുതി നൽകുന്നു. ജിഎസ്ടിയുടെ ഏതാണ്ട് മൂന്നിൽരണ്ട് ഭാഗവും ഇവരാണ് നൽകുന്നത്. പരോക്ഷനികുതി പരിധി വിപുലപ്പെടുത്തുന്നതിലൂടെ വമ്പന്മാരുടെ നികുതിഭാരം കുറയ്ക്കുകയും സാധാരണക്കാരെ കൂടുതൽ പിഴിയുകയുമാണ് ലക്ഷ്യമിടുന്നത്. 2021-22ൽ കോർപ്പറേറ്റുകൾ റെക്കോർഡ് ലാഭം നേടിയപ്പോൾ 84 ശതമാനം കുടുംബങ്ങളുടെയും വരുമാനം കുത്തനെ ഇടിഞ്ഞു. ജിഎസ്ടി സമ്പന്നർക്ക് ഗുണകരമായപ്പോൾ ദരിദ്രരുടെ മേലുള്ള ഭാരം പെരുകി.

### ജിഡിപി വളർച്ച എല്ലാവരുടെയും സാമ്പത്തികാഭിവൃദ്ധിയുടെ സൂചകമല്ല

ഭൂരിപക്ഷം ജനങ്ങളുടെയും ചെലവിലാണ് ഇന്ത്യയിലെ ഒരുപിടി സമ്പന്നരുടെ കയ്യിൽ സമ്പത്തെല്ലാം കുന്നുകൂടിയിരിക്കുന്നത്. 2004നും 2019നും ഇടയിലെ സാമ്പത്തിക വളർച്ച പ്രധാനമായും ഏറ്റവും മുകളിലുള്ള പത്ത് ശതമാനത്തിനാണ് ഗുണകരമായിട്ടുള്ളത്. സാമ്പത്തികാസമത്വം വർദ്ധിക്കാൻ ഇതിടയാക്കി. ജിഡിപി വളർച്ച ജനസാമാന്യത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുമെന്ന മിഥ്യ ഇതോടെ പൊളിഞ്ഞു. സ്വത്തിന്റെ വിതരണം പ്രതിഫലിപ്പിക്കുന്നതല്ല ജിഡിപി വളർച്ചയെന്ന് നമ്മുടെ പാർട്ടി പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആളോഹരി വരുമാന സൂചികയും പൊതുവായ സാമ്പത്തിക സ്ഥിതിയുടെ പ്രതിഫലനമല്ല. സമ്പത്ത് ഒരുപിടി ആളുകളുടെ കയ്യിൽ കേന്ദ്രീകരിക്കപ്പെടുന്നതും ജനങ്ങളിൽ നല്ലൊരു പങ്കും പാപ്പരാക്കപ്പെടുന്നതും പ്രതിഫലിപ്പിക്കാത്ത, കണക്കുകൾകൊണ്ട് എല്ലാം മൂടിവയ്ക്കുന്ന ഏർപ്പാടാണിതെല്ലാം.

### പണപ്പെരുപ്പം ഏറ്റവും പ്രഹരിക്കുന്നത് ഏറ്റവും ദരിദ്രരെ

പണപ്പെരുപ്പം എല്ലാ വിഭാഗങ്ങളെയും ബാധിക്കുമെങ്കിലും വരുമാനത്തിന്റെ നല്ലൊരു പങ്കും ചരക്കിനും സേവനങ്ങൾക്കുമായി വിനിയോഗിക്കേണ്ടിവരുന്ന താഴ്ന്ന വരുമാനക്കാർക്ക് ഇത് കൂടുതൽ പ്രഹരമാകുമെന്നും ഓക്സ്ഫാം റിപ്പോർട്ട് പറയുന്നു. സാമ്പത്തിക അസമത്വം വർദ്ധിക്കുന്നത് ഇവരെയാണ് ഏറ്റവും പ്രതികൂലമായി ബാധിക്കുക. ഭക്ഷ്യരംഗത്ത് ഒരു ശതമാനം വിലക്കയറ്റമുണ്ടായാൽ പോഷകാഹാരലഭ്യത കുറയുകയും ശിശുമരണ നിരക്ക് ഉയരുകയും ചെയ്യും. ഏറ്റവും വരുമാനം കുറഞ്ഞ 25 ശതമാനംപേർ തങ്ങളുടെ വരുമാനത്തിന്റെ 53 ശതമാനമാണ് ഭക്ഷ്യാവശ്യങ്ങൾക്കായി ചെലവഴിക്കുന്നത്. സമ്പന്നരുടെ കാര്യത്തിൽ ഇത് 12 ശതമാനം മാത്രമാണ്. വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ ചെലവുകൾ വെട്ടിക്കുറയ്ക്കാൻ ദരിദ്രർ നിർബന്ധിതരാകുന്നു. പണപ്പെരുപ്പനിരക്ക് കുറയ്ക്കാൻ ശ്രമിക്കുന്നു എന്ന് ഗവണ്മെന്റ് അവകാശപ്പെടുമ്പോഴും ഭക്ഷ്യരംഗത്ത് ഇത് 2023 ജനുവരിയിലും 6.52 ശതമാനമാണ്. ഭക്ഷ്യേതര രംഗത്തെ അപേക്ഷിച്ച് ഇവിടെ നിരക്ക് കൂടുതലാണ്. ഇത് ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്നു.

റിസർവ് ബാങ്കിൽനിന്ന് വാണിജ്യ ബാങ്കുകൾക്ക് വായ്പ നൽകുമ്പോഴത്തെ പലിശനിരക്കായ റിപ്പോ നിരക്ക് കൂട്ടിക്കൊണ്ട് പണപ്പെരുപ്പം നിയന്ത്രിക്കാനുള്ള റിസർവ് ബാങ്കിന്റെ ധനനയം തെറ്റാണെന്ന് ഓക്സ്ഫാം റിപ്പോർട്ട് പറയുന്നു. 2022 മേയ് മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ അഞ്ച് തവണയായി 2.25 ശതമാനം നിരക്ക് വർദ്ധന ഏർപ്പെടുത്തിയിട്ടും റിസർവ് ബാങ്ക് നിശ്ചയിച്ചിരുന്ന ആറ് ശതമാനത്തിനും മുകളിൽപോയി പണപ്പെരുപ്പനിരക്ക്. ഡിമാന്റ് കൂടുന്നതുകൊണ്ടല്ല പണപ്പെരുപ്പമുണ്ടാകുന്നത് എന്ന് ഇതിൽനിന്ന് വ്യക്തമാണ്. അവശ്യവസ്തുക്കളുടെ വിലയിൽ തിരിമറി നടത്തുന്നതും കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഓഹരി കമ്പോളത്തിലെ കൃത്രിമങ്ങളുമൊക്കെപ്പോലുള്ള മറ്റുകാരണങ്ങളാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. ഇതുമൂലം സപ്ലൈയിൽ നിയന്ത്രണങ്ങൾ വരുന്നു. ബാങ്ക് നിരക്ക് വർദ്ധിപ്പിച്ച് പണപ്പെരുപ്പം നിയന്ത്രിക്കാൻ നോക്കുമ്പോൾ ബാങ്ക് വായ്പയ്ക്ക് ആവശ്യക്കാർ കുറയും എന്നതും കണക്കിലെടുക്കണം. ഇത് മുതലാളിത്തത്തിന് മറികടക്കാനാവാത്ത പ്രതിസന്ധിയാണ്. ഒരു വശത്ത് നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ മറുവശത്ത് കാര്യങ്ങൾ നിയന്ത്രണാതീതമാകുന്നു.

### പ്രശ്നപരിഹാരത്തിനുള്ള ഒറ്റമൂലി, വരുമാനം കൂടുന്നതിനനുസരിച്ച് ഉയർന്ന നിരക്കിൽ നികുതി

ദരിദ്രരുടെ പ്രശ്നങ്ങൾക്ക് പരിഹാരമായി റിപ്പോർട്ട് വയ്ക്കുന്ന നിർദ്ദേശം വരുമാനം വർദ്ധിക്കുന്നതിനനുസരിച്ച് വർദ്ധിതമായ നിരക്കിൽ നികുതി ചുമത്തുക എന്നതാണ്. ഏറ്റവും സമ്പന്നരുടെമേൽ ഏറ്റവും ഉയർന്ന നികുതിയായിരിക്കും അപ്പോൾ ചുമത്തപ്പെടുക. ഇന്ത്യയിൽ ആരോഗ്യമേഖലയിൽ കുറഞ്ഞ തുക ചെലവഴിക്കുന്നതിലുള്ള ആശങ്കയും റിപ്പോർട്ട് പങ്കുവയ്ക്കുന്നുണ്ട്. ഏറ്റവും താഴ്ന്ന വരുമാനക്കാരായ 20 ശതമാനത്തിന്റെ ആയുർദൈർഘ്യം ഏറ്റവും ഉയർന്ന 20 ശതമാനത്തെ അപേക്ഷിച്ച് കുറവാണെന്ന വസ്തുതയും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

അഞ്ചാം ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം ഇന്ത്യയിൽ 33 ലക്ഷം കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നില്ല. ഇതിൽ 17.7 ലക്ഷം പേരുടെ അവസ്ഥ പരമദയനീയമാണ്. 'പോഷൺ അഭിയാൻ' എന്ന പേരിൽ പോഷകാഹാരക്കുറവ് നികത്താൻ ഗവണ്മെന്റ് ആരംഭിച്ച ഉച്ചഭക്ഷണ പരിപാടിക്കുള്ള വിഹിതം പണപ്പെരുപ്പവും ഫണ്ടിന്റെ അപര്യാപ്തതയുംമറ്റും വച്ചുനോക്കുമ്പോൾ 2014 മുതൽ 38 ശതമാനം വെട്ടിക്കുറച്ചിട്ടുണ്ട്. ഇന്ത്യയിലെ 100 ശതകോടീശ്വരന്മാരുടെമേൽ രണ്ട് ശതമാനം നികുതി ചുമത്തിയാൽ മൂന്നര വർഷത്തേയ്ക്ക് ഈ പദ്ധതി നടത്തിപ്പിനുള്ള പണം കണ്ടെത്താനാകുമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

തുടർന്ന് ഇന്ത്യയിലെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ പരാധീനതകളിലേയ്ക്ക് റിപ്പോർട്ട് വെളിച്ചം വീശുന്നു. ഇന്ത്യയിൽ, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ ആവശ്യത്തിന് ആശുപത്രികിടക്കകളോ ഡോക്ടർമാരോ ഇല്ല. വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുമൂലമാണ് പലരും ദരിദ്രരായിത്തീരുന്നത്. ആരോഗ്യരംഗത്ത് ഗവണ്മെന്റ് കൂടുതൽ പണം മുടക്കുകയും അതിസമ്പന്നരുടെമേൽ ഒരു നികുതി ഏർപ്പെടുത്തി ആരോഗ്യരംഗത്ത് പണം കണ്ടെത്തുകയുംവേണമെന്ന നിർദ്ദേശവും റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്നു.

തുടർന്ന്, കുട്ടികളുടെ വിദ്യാഭ്യാസത്തിന് നീക്കിവയ്ക്കുന്ന പണം കുറഞ്ഞുവരുന്നതും അരികുവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളിൽ സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് വർദ്ധിച്ചുവരുന്നതും 14-17 പ്രായപരിധിയിലുള്ള പകുതിയിലേറെപ്പേർക്കും സെക്കണ്ടറി വിദ്യാഭ്യാസം അപ്രാപ്യമായിക്കൊണ്ടിരിക്കുന്നതുമൊക്കെ റിപ്പോർട്ട് ചർച്ച ചെയ്യുന്നു. ഗവണ്മെന്റാകട്ടെമൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ ഒരു ശതമാനം മാത്രമാണ് കുറേക്കാലമായി സെക്കണ്ടറി വിദ്യാഭ്യാസത്തിന് ചെലവഴിക്കുന്നത്. 100 ഇന്ത്യൻ ശതകോടീശ്വരന്മാരുടെ മേൽ 2.5 ശതമാനം നികുതി ഏർപ്പെടുത്തുകയോ അല്ലെങ്കിൽ ഏറ്റവും സമ്പന്നരായ പത്തുപേരുടെമേൽ അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തുകയോ ചെയ്താൽ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം നൽകാനുള്ള പണം ലഭ്യമാകുമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. അദ്ധ്യാപകരുടെ 11.16 ലക്ഷം ഒഴിവുകൾ, അതായത് 19 ശതമാനം നികത്താനുണ്ടെന്നും ഇത് കൂടുതലും ഗ്രാമീണ മേഖലയിലാണെന്നും റിപ്പോർട്ട് പറയുന്നു. ഏറ്റവും സമ്പന്നരായ 100 ഇന്ത്യൻ ശതകോടീശ്വരന്മാരുടെമേൽ ഒരു ശതമാനം നികുതി ചുമത്തിയാൽ 26 വർഷത്തേക്ക് ഈ ഒഴിവുകൾ നികത്താനും 13 വർഷത്തേയ്ക്ക് മുഴുവൻ ചെലവുകൾക്കും പണം കണ്ടെത്താനും കഴിയുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ 'സമഗ്ര ശിക്ഷ' പദ്ധതിക്കുവേണ്ടി 2022-23ൽ പണം വകയിരുത്തിയിട്ടില്ലെന്ന കാര്യവും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഒരു പുനർവിചിന്തനമെന്നോണം, ഗവണ്മെന്റ് സദുദ്ദേശത്തോടെ പ്രഖ്യാപിക്കുന്ന പദ്ധതികൾ അതിന് നടപ്പാക്കാൻ കഴിയുമോ എന്ന ആശങ്കയും ഒടുവിൽ റിപ്പോർട്ട് പ്രകടിപ്പിക്കുന്നുണ്ട്. ഗവണ്മെന്റിന് കഴിയുമോ എന്നതല്ല ഗവണ്മെന്റിന് സന്നദ്ധതയുണ്ടോ എന്നതാണ് പ്രശ്നം. കേന്ദ്ര ബിജെപി ഗവണ്മെന്റ് കുത്തകകളെയും ബഹുരാഷ്ട്ര കോർപ്പറേറ്റുകളെയും സേവിക്കാൻ ബാദ്ധ്യസ്ഥമാണ്. അതിനാൽ അതിസമ്പന്നരുടെമേൽ നികുതി ചുമത്തി അത് ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് സാമൂഹ്യക്ഷേമ മേഖലകൾ എന്നിവയ്ക്കൊക്കെ പണം കണ്ടെത്തുമെന്ന് കരുതുന്നത് വെറും ദിവാസ്വപ്നമാണ്. മുതലാളിത്തത്തിന്റെ സഹജമായ രീതിതന്നെ, വിശേഷിച്ചും ഈ അവസാന നാളുകളിൽ, ദരിദ്രരെ

(ശേഷം 7-ാം പേജിൽ)




കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് എൻഎച്ച്എം സംസ്ഥാന ഓഫീസിന് മുന്നിൽ നടത്തിയ ധർണ.

# കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എൻഎച്ച്എം ഓഫീസ് ധർണ

വിരമിക്കൽ ആനുകൂല്യവും പെൻഷനും നൽകാതെ 62 വയസ്സായ ആശ വർക്കർമാരെ പിരിച്ചുവിടാനുള്ള സംസ്ഥാന സർക്കാർ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെആഭിമുഖ്യത്തിൽഎൻഎച്ച്എം സംസ്ഥാന ഓഫീസ് മുന്നിൽ ആശാവർക്കർമാർ ധർണ നടത്തി.

സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു ധർണ ഉദ്ഘാടനം ചെയ്തു. ഏതാണ്ട് രണ്ടര പതിറ്റാണ്ടിലേറെയായി ജനങ്ങളുമായി നേരിട്ട് സമ്പർക്കത്തിൽഏർപ്പെട്ടുകൊണ്ട് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്ന ആശ വർക്കർമാരെ വിരമിക്കൽ ആനുകൂല്യവും പെൻഷനുമില്ലാതെ 62 വയസ്സ്പൂർത്തിയായതിന്റെപേരിൽ അടുത്തമാസം മുതൽ വെറും കയ്യോടെ പിരിച്ചുവിടാനുള്ള സംസ്ഥാന സർക്കാർ തീരുമാനം ഉടൻ പിൻവലിക്കണമെന്നുംഅല്ലാത്തപക്ഷം അതിശക്തമായ പ്രക്ഷോഭം നടത്തുമെന്നും അവർ പ്രഖ്യാപിച്ചു. ബംഗാൾ പോലുള്ള സംസ്ഥാനങ്ങളിൽ പോലും 65 വയസ്സാണ് പെൻഷൻ പ്രായം. 5 ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യമായി ബംഗാൾ സർക്കാർ നൽകുന്നുണ്ട്. കോവിഡ് കാലത്ത് അതുല്യമായ സേവനം നടത്തിയ ആശ വർക്കർമാർക്ക് കഴിഞ്ഞ രണ്ട് ബഡ്ജറ്റിലും ഓണറേറിയം വർദ്ധിപ്പിക്കാത്ത കേരളത്തിലെ എൽഡി എഫ് സർക്കാർ തികഞ്ഞ അവഗണനയാണ് ആശ വർക്കർമാരോട് കാണിക്കുന്നത്. 5 ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുകയുംവിരമിക്കൽപ്രായം 65 വയസ്സ് ആക്കുകയും വേണമെന്ന് അവർ ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് കെ.പി.റോസമ്മ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എസ്.മിനി, സംസ്ഥാന സമിതി അംഗം ആശാരാജ്, ജില്ലാ വൈസ് പ്രസിഡണ്ട് റോസി എം. എന്നിവർ പ്രസംഗിച്ചു. ഡിമാൻഡ് അടങ്ങിയ നിവേദനം സംസ്ഥാന മിഷൻ ഡയറക്ടർക്ക് സമർപ്പിച്ചു.

# സഖാവ് പ്രബോധ് പുർകായതിന് ലാൽസലാം

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) പശ്ചിമബംഗാൾ സംസ്ഥാന കമ്മിറ്റിയിലെ മുതിർന്ന അംഗവും ഒമ്പത് തവണ കുൽത്താലി അസംബ്ലി മണ്ഡലത്തെ പ്രതിനിധീകരിച്ച എംഎൽഎയും ആദരണീയനായ ബഹുജന നേതാവുമായ സഖാവ് പ്രബോധ് പുർകായത് 2023 മാർച്ച് 25 രാവിലെ 6.15ന് ഹൃദയാഘാതംമൂലം ജയ്നഗറിൽ നിര്യാതനായി.



സിപിഐ(എം) ഭരണകാലത്ത് അദ്ദേഹത്തെ കള്ളക്കേസിൽ കുടുക്കി 15 വർഷക്കാലം ജയിലിലടച്ചതുമൂലം അദ്ദേഹത്തിന്റെ ആരോഗ്യം നന്നേ ക്ഷയിച്ചിരുന്നു. ജനകീയ സമ്മർദ്ദം മൂലം അദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടെങ്കിലും തുടർച്ചയായ രോഗബാധയെത്തുടർന്ന് മരണം സംഭവിക്കുകയായിരുന്നു. പാർട്ടി കേന്ദ്ര കമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിനുവെച്ച ഭൗതിക ശരീരത്തിൽ പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, മുതിർന്ന പൊളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ മണിക് മുഖർജി, അസിത് ഭട്ടാചാര്യ, കേന്ദ്ര കമ്മിറ്റിയംഗങ്ങൾ, സംസ്ഥാന കമ്മിറ്റിയംഗങ്ങൾ മറ്റ് വർഗ്ഗ-ബഹുജന നേതാക്കൾ എന്നിവരൊക്കെ ആദരവുകളർപ്പിച്ചു. ഭൗതികശരീരം പിന്നീട് പശ്ചിമബംഗാൾ അസംബ്ലി ഹാളിലും ജയ്നഗർ പാർട്ടി ഓഫീസിലും പൊതുദർശനത്തിന് വയ്ക്കുകയും കുൽത്താലിയിൽ സംസ്കരിക്കുകയും ചെയ്തു. ■

# മനോഹരന്റെ കസ്റ്റഡി മരണം: പ്രതിഷേധ കൂട്ടായ്മ നടത്തി

തൃപ്പൂണിത്തുറ സ്റ്റേഷനിൽ പോലീസ് കസ്റ്റഡിയിൽ മരിച്ച ഇരുമ്പനം സ്വദേശി മനോഹരന്റെ മരണത്തിന് ഉത്തരവാദികളായ പോലീസുകാരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുക, കൊലക്കുറ്റത്തിന് കേസെടുക്കുക, കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകുക, ആശ്രിതർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുക, കസ്റ്റഡി മരണങ്ങൾ തടയുവാനുള്ള കർശന നടപടികൾ സർക്കാർ കൈക്കൊള്ളുക എന്നീ ഡിമാന്റുകൾ ഉയർത്തി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) തൃപ്പൂണിത്തുറ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കരിങ്ങാച്ചിറ ജംഗ്ഷനിൽ പ്രധിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് സി.ബി.അശോകൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ കെ.ഒ.സുധീർ, കെ.കെ.ശോഭ, ടി.രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ ജോർജ്ജ് ജോസഫ്, കെ.എസ്.ഹരികുമാർ, സി.കെ. രാജേന്ദ്രൻ. സി.കെ.തമ്പി, എം.പി. സുധ, കെ.എ.സതീശൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ബിജെപി ഗവണ്മെന്റ് മറച്ചുവയ്ക്കുന്ന യാഥാർത്ഥ്യങ്ങൾ...

(6–ാം പേജിൽ നിന്ന്)

പരമാവധി പിഴിഞ്ഞൂറ്റി സമ്പന്നരെ, ചൂഷകരെ കൂടുതൽ സമ്പന്നരാക്കുക എന്നതാണ്. അതവർ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ചെയ്തുകൊണ്ടിരിക്കും.

ഒരു ശതമാനത്തെ കാലങ്ങളായി ചുമലിലേറ്റുന്ന 99 ശതമാനം ആ യാഥാർത്ഥ്യം തിരിച്ചറിയേണ്ടതുണ്ട്. ജാതി, മതം, ഭാഷ, പ്രദേശം, ലിംഗം എന്നിവയുടെയൊക്കെ പേരിൽ ഭിന്നിപ്പുണ്ടാക്കാനുള്ള ശ്രമങ്ങളെ ചെറുക്കേണ്ടതുണ്ട്. ഈ ഒരു ശതമാനത്തെ കടഞ്ഞെറിഞ്ഞ് സോഷ്യലിസം സ്ഥാപിച്ചുകൊണ്ട് മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണം എന്നന്നേയ്ക്കുമായി അവസാനിപ്പിക്കേണ്ടതുണ്ട്. സോഷ്യലിസത്തിന്റെ സാദ്ധ്യതയും മേന്മയും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. സോഷ്യലിസം സ്ഥാപിതമായാൽപ്പിന്നെ ഓക്സ്ഫാം പോലുള്ള റിപ്പോർട്ടുകൾക്ക് പ്രസക്തിയില്ല. ജീവകാരുണ്യപരമായ യാചനകൾക്കും പ്രസക്തിയില്ല. അതൊക്കെ ശാരീരികമായും മാനസികമായും മനുഷ്യനെ അടിമത്തത്തിൽ തളച്ചിടുന്നതാണ്. നിർദ്ദയമായ ചൂഷണം നടത്തുന്നതും അങ്ങേയറ്റം അഴിമതി നിറഞ്ഞതും അടിമുടി പിന്തിരിപ്പനുമായ മുതലാളിത്ത വ്യവസ്ഥ അതിജീവിക്കാൻ ഒരു കാരണവശാലും അനുവദിക്കാതിരിക്കുക എന്നതാണ് ചെയ്യാനുള്ളത്! ■

## ജനകീയ പാർലമെന്റ്...

(2–ാം പേജിൽ നിന്ന്)

### വിദ്യാഭ്യാസ രക്ഷാ സമരം ആഹ്വാനം ചെയ്ത് തൃശൂർ പ്രഖ്യാപനം

രാജ്യത്തിന്റെ ഐക്യവും മതേതരത്വവും വിദ്യാഭ്യാസ വ്യവസ്ഥയും ജനാധിപത്യ മൂല്യങ്ങളും സംരക്ഷിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പിലാക്കുന്നത് നിർത്തിവെക്കണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് പ്രഖ്യാപനം ആവശ്യപ്പെട്ടു. സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായ പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും രൂപപ്പെടുത്താനുള്ള ജനാധിപത്യ അവകാശം നിലനിർത്തണമെന്നും എൻഇപി 2020 പാർലമെന്റിൽ അവതരിപ്പിക്കണമെന്നും പ്രഖ്യാപന പ്രമേയം ആവശ്യപ്പെടുന്നു. എൻഇപി സമ്പൂർണമായി പിൻവലിക്കും വരെ നിരന്തരം സന്ധിയില്ലാ സമരത്തിനായി വിദ്യാഭ്യാസ രക്ഷാ പ്രസ്ഥാനത്തോടൊപ്പം പങ്കുചേരാനും തൃശ്ശൂർ പ്രഖ്യാപനം ആഹ്വാനം ചെയ്തു.

ചിത്രകലാ അദ്ധ്യാപകനും സംസ്ഥാന വൈസ് പ്രസിഡന്റുമായ വി.എസ്.ഗിരീശൻ സമാപന സെഷനിൽ സ്വാഗത പ്രഭാഷണം നടത്തി. സ്വാഗത സംഘം സെക്രട്ടറി സി.ആർ.ഉണ്ണികൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന്, പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് എതിരെ വിദ്യാഭ്യാസ ലോകം പ്രക്ഷോഭത്തിലേക്ക് എന്ന സന്ദേശം നൽകിക്കൊണ്ട് പ്രതിഷേധ റാലി സംഘടിപ്പിക്കപ്പെട്ടു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജോർജ് ജോസഫ്, സെക്രട്ടറി ഇ.എൻ.ശാന്തിരാജ്, സ്വാഗത സംഘം നേതാക്കളായ ജി.നാരായണൻ, ജെയിംസ് മുട്ടിക്കൽ എന്നിവർ നേതൃത്വം നൽകി. ■

**വന്യജീവി ആക്രമണം: ചീഫ് ജസ്റ്റിസിന് നിവേദനം നൽകി**




വന്യജീവി ആക്രമണത്തിൽനിന്ന് സംരക്ഷണമാവശ്യപ്പെട്ട് ഹൈക്കോടതി ചീഫ് ജസ്റ്റിസിന് നിവേദനം നൽകാനെത്തിയ ഇടുക്കിയിലെ വിവിധ കർഷക സംഘടനകളുടെ പ്രതിനിധികളെ എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ്കുമാർ അഭിവാദ്യം ചെയ്യുന്നു.

## എഐകെകെഎംഎസ് സമ്മേളനം...

(1–ാം പേജിൽ നിന്ന്)

ക്കപ്പെട്ടു.

സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യാതിഥിയായി പങ്കെടുത്തു. ഇന്നത്തെ ദേശീയ-സാർവ്വദേശീയ സാഹചര്യത്തിന്റെ കാതലായ വശങ്ങളെക്കുറിച്ചും, വർഗ്ഗബോധമുള്ള കർഷക സംഘടനയുടെ ചുമതലകളെക്കുറിച്ചും അദ്ദേഹം ആവേശകരമായ പ്രഭാഷണം നടത്തി. തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചതുപോലെ, ഉയർന്ന സംസ്കാരത്തിലും നീതിബോധത്തിലും ധാർമ്മികതയിലും അടിസ്ഥാനപ്പെടുത്തിയ കർഷകപ്രക്ഷോഭണം വളർത്തിയെടുക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയുമിടയിൽ വർഗ്ഗബോധം വളർത്തിയെടുക്കുക എന്നതാണ് എഐകെകെഎംഎസിന്റെ ചുമതലയെന്നും അങ്ങനെയല്ലാതെ ഒരു വിപ്ലവ മുന്നേറ്റം ഉണ്ടാവുകയില്ലെന്നും അദ്ദേഹം അസന്നിഗ്ദ്ധമായി പറഞ്ഞു. മഹാന്മാരായ മാർക്സിസ്റ്റ് ചിന്തകന്മാർ – മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുംഗ്, ശിബ്ദാസ് ഘോഷ് – പഠിപ്പിച്ചതുപോലെ, ജനങ്ങൾക്കൊപ്പം ജീവിക്കാനും അവരിൽനിന്നും പഠിക്കുവാനും അദ്ദേഹം പ്രതിനിധികളെ ഉപദേശിച്ചു. നമ്മളൊന്നിച്ച് പോരാടും, നമ്മളൊന്നിച്ച് വിജയിക്കും എന്ന ആഹ്വാനത്തോടെയാണ് സമ്മേളനം സമാപിച്ചത്. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2023 April
Price: Rs. 10.00



ഏപ്രിൽ 4ന് എഐഡിഎസ്ഒ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ചിന്റെ മുൻനിര.

### വിദ്യാർത്ഥികളുടെ യാത്രാ ചെലവ് സർക്കാർ ഏറ്റെടുത്ത് സൗജന്യമാക്കുക

# എഐഡിഎസ്ഒ സെക്രട്ടേറിയറ്റ് മാർച്ച്

എല്ലാ വിദ്യാർത്ഥികളുടെയും യാത്രാ ചെലവ് സർക്കാർ ഏറ്റെടുത്ത് സൗജന്യമാക്കുക, പ്രായത്തിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥി കൺസഷൻ നിഷേധിക്കാനുള്ള കെഎസ്ആർടിസിയുടെ നീക്കങ്ങൾ അവസാനിപ്പിക്കുക, ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് എഐഡിഎസ്ഒ സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചു.

സംസ്ഥാന പ്രസിഡന്റ് ഡോ. എസ്.അലീന മാർച്ച് ഉദ്ഘാടനം ചെയ്തു. പ്രായത്തിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കൺസഷൻ നിഷേധിക്കുവാൻ ശുപാർശ ചെയ്യുന്ന ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടാണ് കെഎസ്ആർടിസിയുടെ വിദ്യാർത്ഥി വിരുദ്ധ നീക്കത്തിന്റെ ആധാരം. പരീക്ഷയുടെയും അവധിയുടെയും സാഹചര്യം മുതലെടുത്ത് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കെഎസ്ആർടിസി നയമെന്ന വിധത്തിൽ നടപ്പിലാക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. സൗജന്യ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് വിദ്യാർത്ഥികളുടെ സൗജന്യ യാത്രയും. അതിന്മേൽ അഭിപ്രായം പറയാനോ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനോ കെഎസ്ആർടിസിക്കോ പ്രൈവറ്റ് ബസ് ഓണേഴ്സിനോ അവകാശമില്ല. മറിച്ച് വിദ്യാർത്ഥികളുടെ യാത്രാ ചെലവ് സർക്കാർ ഏറ്റെടുത്ത് സമ്പൂർണമായും സൗജന്യമാക്കുകയാണ് വേണ്ടത്. തമിഴ്നാട്ടിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര നൽകുന്നതിനായി 1500 കോടി രൂപ സംസ്ഥാന സർക്കാർ ആർടിസിക്ക് നൽകുന്നതായി കെഎസ്ആർടിസി എംഡി ബിജു പ്രഭാകറിന്റെ നേതൃത്വത്തിലുള്ള പഠനസംഘം അറിയിച്ചിരുന്നു. കേരളത്തിൽ വിവിധ വിദ്യാർത്ഥി കൺസഷനും ഇതര നിരക്ക് ഇളവുകൾക്കും കൂടി 830 കോടിയാണ് ആവശ്യം വരുന്നത്. അതിൽ ഒരു രൂപ പോലും സർക്കാർ കൊടുക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണം ലക്ഷ്യം വെയ്ക്കുന്നതിന്റെ ഭാഗമായാണ് സർക്കാർ പഠനാവശ്യങ്ങൾക്കായുള്ള സൗജന്യയാത്രയുമില്ലാതാക്കാൻ നോക്കുന്നതെന്നും ഡോ.അലീന പറഞ്ഞു.

എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി അഡ്വ.ആർ.അപർണ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റംഗം ജതിൻ രാജീവൻ മുഖ്യപ്രസംഗം നടത്തി. സംസ്ഥാന കമ്മിറ്റിയംഗം എം.മിഥുൻ, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഗോവിന്ദ് ശശി, ജില്ലാ സെക്രട്ടറി ബി.എസ്.എമിൽ എന്നിവർ പ്രസംഗിച്ചു. പാളയത്ത് നിന്നും ആരംഭിച്ച മാർച്ചിന് സംസ്ഥാന നേതാക്കളായ അകിൽ മുരളി, ആർ.മീനാക്ഷി, ഡോ.സുകന്യ കുമാർ, നിലീന മോഹൻകുമാർ എന്നിവർ നേതൃത്വം നൽകി. കാമ്പസുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളുടെ യാത്രാവകാശ സംരക്ഷണ സമിതികൾ രൂപീകരിക്കുമെന്ന് ആർ.അപർണ പ്രഖ്യാപിച്ചു. ■

## രാഹുൽ ഗാന്ധിയെ പാർലമെന്റിൽനിന്നും അയോഗ്യനാക്കിയ നടപടിയെ സംബന്ധിച്ച എസ്‌യുസിഐ(സി) കേന്ദ്രക്കമ്മിറ്റി പ്രസ്താവന

രാഹുൽ ഗാന്ധിയെ പാർലമെന്റിൽനിന്നും അയോഗ്യനാക്കിയ നടപടിയെ, നീതീകരിക്കാൻ പറ്റാത്തത് എന്ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് തന്റെ പ്രസ്താവനയിൽ വിശേഷിപ്പിച്ചു.

കോൺഗ്രസ്സ് പാർട്ടിയുമായി രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിലും, അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായും അപരിഷ്കൃതമായും പ്രതികാരബുദ്ധിയോടെയും പാർലമെന്റ് സെക്രട്ടേറിയറ്റ് എടുത്ത ഈ നടപടിയെ ഞങ്ങൾ അസന്ദിഗ്ധമായി അപലപിക്കുന്നു. സെക്രട്ടേറിയറ്റ് അതിന്റെ പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിൽ കാണിച്ച തിടുക്കം, അത് സൂറത്ത് കോടതിയുടെ വിധിക്കുവേണ്ടി മാത്രം കാത്തിരിക്കുകയായിരുന്നു എന്ന തോന്നിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. ■




### മലയോര ജനതയുടെ ജീവിതം വന്യമൃഗങ്ങൾക്ക് വിട്ടുകൊടുക്കരുത്

# വയനാട് കളക്ടറേറ്റിന് മുമ്പിൽ ദ്വിദിന രാപ്പകൽ സമരം

മലയോര ജനതയുടെ ജീവിതം വന്യമൃഗങ്ങൾക്ക് വിട്ടുകൊടുക്കരുത്, വന്യമൃഗ ആക്രമണത്തിന് ശാശ്വതപരിഹാരം ഉണ്ടാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് വയനാട് ജില്ലാ കർഷക പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ കളക്ടറേറ്റിനു മുമ്പിൽ മാർച്ച് 31, ഏപ്രിൽ 1 ദിവസങ്ങളിൽ ദ്വിദിന രാപകൽ സത്യാഗ്രഹം നടത്തി.

കെ റെയിൽ വിരുദ്ധ ജനകീയ സമിതിയുടെ ജനറൽ കൺവീനർ എസ്. രാജീവൻ രാപകൽ സത്യാഗ്രഹം ഉദ്ഘാടനം ചെയ്തു. കക്ഷിരാഷ്ട്രീയത്തിന് അതീതമായി ജനങ്ങൾ ജനകീയ പ്രതിരോധത്തിന് തയ്യാറായാൽ മാത്രമേ വന്യമൃഗ പ്രശ്നത്തിൽ സർക്കാർ കാണിക്കുന്ന അലംഭാവത്തിന് അറുതി വരുത്താൻ കഴിയുകയുള്ളൂവെന്ന് എസ്. രാജീവൻ പറഞ്ഞു. വിളപ്പിൽശാല സമരം മുതൽ കെ.റെയിൽ വിരുദ്ധ സമരം വരെയുള്ള അനേകം ജനകീയ സമരങ്ങൾ വിജയത്തിലെത്തിയത് ഈ ഉറച്ച നിലപാട് കാരണമാണ്. സർക്കാറുകൾ ജനകീയ സമരങ്ങളെ ഭയപ്പെടുന്നതും അതുകൊണ്ടുതന്നെയാണ്. ജനകീയ സമരങ്ങൾക്കെതിരെ കള്ള പ്രചരണങ്ങളും അപവാദപ്രചരണങ്ങളും നടത്തി സായൂജ്യമടയുകയാണ് സർക്കാർ. ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലും ഇന്ന് വന്യമൃഗ പ്രശ്നം രൂക്ഷമായിരിക്കുകയാണ്. നിയമങ്ങളുടെയും സാങ്കേതികതകളുടെയും പേര് പറഞ്ഞു കൈകഴുകുന്ന സർക്കാർ ഇരകൾക്ക് മാന്യമായ നഷ്ടപരിഹാരം പോലും യഥാസമയം നൽകാത്തത് എന്തിന്റെ പേരിലാണെന്ന് വ്യക്തമാക്കണം. നിലവിലുണ്ടായിരുന്ന വേലികളും കിടങ്ങുകളും പോലും പരിപാലിക്കാത്തത് സർക്കാറിന്റെ ഇരട്ടത്താപ്പ് വ്യക്തമാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഡ്വ.അബ്ദുൾറഹ്മാൻ കാതിരി മുഖ്യപ്രസംഗം നടത്തി. കർഷക പ്രതിരോധ സമിതി വൈസ് പ്രസിഡന്റ് പ്രേംരാജ് ചെറുകര, ആൾ ഇന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടന(എഐകെകെഎംഎസ്) സംസ്ഥാന പ്രസിഡന്റ് കെ. അബ്ദുൾ അസീസ്, കർഷക പ്രതിരോധ സമിതി ട്രഷറർ ദേവസ്യ പുറ്റനാൽ, മാത്യു കെ.ജെ.കണ്ണന്താനം, എ.സി.തോമസ്, എ.എൻ. മുകുന്ദൻ (എഫ്ആർഎഫ്) പ്രവീൺ ചെറുവത്ത്, ബാബു ചുണ്ടാട്ട്, ടി.കെ.മുസ്തഫ, എസ്.രാധാമണി, പി.കെ.ഭഗത്, വി.കെ. സദാനന്ദൻ, അഡ്വ. ടി.ജെ.ഡിക്സൺ, കെ.എസ്. ജയപ്രകാശ് തുടങ്ങിയവർ പ്രസംഗിച്ചു.

ഒരുഭാഗത്ത്, ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങിവന്ന് മനുഷ്യന്റെ ജീവനും സ്വത്തിനും കടുത്ത നാശം വരുത്തിയ വന്യമൃഗങ്ങളെ കൂടുകളിൽ നിന്നും തുറന്നു വിടാൻ തിരക്ക് കൂട്ടുന്ന വനം വകുപ്പ്, മറുഭാഗത്ത് വനസൗഹൃദ സദസ്സുകൾ സ്ഥാപിക്കാൻ ഉത്സാഹം കാട്ടുകയാണ്. വന്യമൃഗ ആക്രമണം കൊണ്ട് പൊറുതിമുട്ടുന്ന മലയോര ജനതയുടെ രോഷത്തെ മയപ്പെടുത്താനും, മനുഷ്യ -വന്യമൃഗ സംഘർഷത്തിന്റെ ഹേതു ജനങ്ങളാണെന്ന് വരുത്തിത്തീർത്ത് അത് പരിഹരിക്കാനുള്ള ബാദ്ധ്യത ജനങ്ങളുടെ തന്നെ ചുമലിൽ കയറ്റിവെക്കാനുമുള്ള കുടില തന്ത്രമായിട്ടേ സർക്കാറിന്റെ വനസൗഹൃദ സദസ്സ് എന്ന ആശയത്തെ കാണാൻ കഴിയൂ എന്ന് രണ്ടാം ദിവസം വൈകിട്ട് നടന്ന സമാപനയോഗത്തിൽ അദ്ധ്യക്ഷത വഹിച്ച വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി വൈസ് പ്രസിഡന്റ് പ്രേംരാജ് ചെറുകര ചൂണ്ടിക്കാട്ടി.

വടക്കനാട് ഗ്രാമ സംരക്ഷണ സമിതിയുടെ സമരത്തെ തുടർന്ന് പ്രഖ്യാപിച്ച 55 കോടിയുടെ ആന പ്രതിരോധ പദ്ധതി അഞ്ചുവർഷം കഴിഞ്ഞിട്ടും ഒരിഞ്ചുപോലും നടപ്പാക്കാത്ത സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച തുച്ഛമായ നാല് കോടിയും പ്രശ്നപരിഹാരത്തിനു ഉപകരിക്കില്ലെന്നും ജനങ്ങൾ ജാഗരൂകരായി ജനകീയ സമരത്തിന് തയ്യാറെടുക്കണമെന്നും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത സമിതി പ്രസിഡണ്ട് ഡോ.ഡി. സുരേന്ദ്രനാഥ് പറഞ്ഞു. ■



എസ്. രാജീവൻ രാപ്പകൽ സത്യാഗ്രഹം ഉദ്ഘാടനം ചെയ്യുന്നു.

Volume: 50 No: 1 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.